

പരിശുദ്ധ പിതാവ്

പതിനൊന്നാം പിയൂസ് മാർപ്പാപ്പാ

തിരുമനസ്സുകൊണ്ടു്.

(സിംഹാസനാരോഹണദിനം ഫെബ്രുവരി 12.)

കർമ്മെല കുസുമം

പുസ്തകം ൨൭.)     ൧൯൨൭ ഫെബ്രുവരി.     (ലക്കം ൨

## കന്യാമരിയാകീർത്തനം.

(ബാലികമാർ മാലികയാം .. എന്ന മട്ടു്.)

(റവ. ജോസഫ് കൊട്ടുപ്പന.)

നാരിമാരിൽ സൂരിയാകും മേരിമയി നിന്നരാജ്ഞ
പാരിടത്തിൽ പോരിടുന്ന ദാസരിൽ — ചിരം
ഭൂരിമോദം ചൊരിയേണം നൽവരം. 1
പാപകൂപ പതനത്തിൽ പതിക്കുന്ന പാപികളെ
പാപപരിഹാരകനാം നിൻപുത്രൻ — പക്കൽ
കോപപാത്രരാക്കിടാതെ പാലിക്ക. 2
മേരിയെ നിൻപേരിലേറ്റമാദരവായിരിക്കുന്ന
നേരമതിൽ നേരിടേണം നീ പരം — നര
സേവകരെ രക്ഷചെയ്വാനാദരാൽ. 3
ലോകമാം ചലകഖകളിൽ ജോലയായ് ങ്ങുഴലുന്ന
ലോകരെ നീ നിലപോലെ കാലത്തിൽ — നാഥേ!
ബാലതശാതലിയേണം മേലിലും. 4
സാഗരമാം മരണത്തെ തരണം ചെയ്വാൻ തരേണം
ലോകരംഗം പിരിയുന്ന നേരത്തിൽ — പര-
ലോകരംഗം ചേരുവാനും നൽവരം. 5

# പ്രസാധകക്കുറിപ്പുകൾ.

### ശുദ്ധീകരണ തിരുനാൾ.

ഫെബ്രുവരി ൨-ാംനു ബുധനാഴ്ച ദൈവജനനിയുടെ ശുദ്ധീകരണത്തിരുനാൾ ആഘോഷിക്കപ്പെടുന്നു. അഗാധമായ എളിമയുടെയും ക്രമാനുഷ്ഠാനങ്ങളിലുള്ള നിഷ്ഠയുടെയും വിലയേറിയ പല ദൃഷ്ടാന്തങ്ങൾ നമുക്കു കാണിച്ചുതരുന്ന ഒരു തിരുനാളാകുന്നിതു്. "പുറജാതികളെ പ്രകാശിപ്പിക്കുന്നതിനുള്ള വെളിച്ചം" എന്നാണല്ലോ ദിവ്യരക്ഷകനെക്കുറിച്ചു ഈ ദിവസത്തിൽ വി. ശെമഒൻ പ്രവചിച്ചതു്. (ലൂക്കാ. ൨. ൩൨.) അതിനെ അനുസ്മരിക്കുമാറു മെഴുകുതിരികൾ ആശീർവ്വദിക്കുന്ന കർമ്മം തിരുസഭ ഈ ദിവസത്തിലാണു് നടത്തുന്നതു്. ആശീർവ്വദിച്ച തിരികൾ കത്തിച്ചുകൊണ്ടു ആഘോഷമായ ഒരു പ്രദക്ഷി

ണവും ഈ ദിവസത്തിൽ നടത്തുന്നുണ്ട്. ജനങ്ങൾ തങ്ങളുടെ ഉപയോഗത്തിനുള്ള മെഴുകുതിരികളേയും ഈ അവസരത്തിൽ ദേവാലയത്തിൽ കൊണ്ടുചെന്നു ആശീൎവ്വദിപ്പിച്ചുകൊണ്ടുപോക വിദേശങ്ങളിൽ നടപ്പുണ്ട്. മശിഹായുടെ ദിവ്യദീപം സൎവ്വത്ര പ്രകാശിക്കുന്നതിലേക്കു അന്നേദിവസം നാം പ്രത്യേകം പ്രാൎത്ഥിക്കണം.

## വലിയനോമ്പു.

ലത്തീൻസഭയിൽ കരിശ്ശുവരത്തിരുനാൾ മുതൽ നാല്പതു ദിവസത്തേക്കാണു വലിയനോമ്പ്. സുറിയാനിക്കാൎക്കു അതിന്റെ തലേ ഞായറാഴ്ച മുതൽ നോമ്പു ആരംഭിക്കുന്നു. തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും കാലങ്ങളായിട്ടാണ് തിരുസഭ ഈ നോമ്പുകാലം നിശ്ചയിച്ചിരിക്കുന്നതു്. "നിങ്ങൾ തപസ്സു ചെയ്കയില്ലെങ്കിൽ നിങ്ങൾ എല്ലാവരും നശിച്ചുപോകും" (ലൂക്കാ. 13. 3.) എന്നത്രെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു്. ആകയാൽ നിത്യരക്ഷയെ ആഗ്രഹിക്കുന്നവർ നോമ്പും പ്രായശ്ചിത്ത കൃത്യങ്ങളും വഴിയായി സ്വന്ത മാംസത്തെ അമൎത്തി വിശ്വാസത്തിനുംബുദ്ധിക്കുംകീഴ്പ്പെടുത്തിനിറുത്തേണ്ടിയിരിക്കുന്നു. ദിവ്യരക്ഷകൻ ഉപദേശിക്കമാത്രമല്ല ചെയ്തിരിക്കുന്നതു്. സ്വന്ത ദൃഷ്ടാന്തത്താൽ കാണിച്ചുതരികയും ചെയ്തിട്ടുണ്ട്. സദാ പരിത്യാഗത്തിന്റെയും പ്രാൎത്ഥനയുടെയും ജീവിതമാണ് അവിടുന്നു കഴിച്ചിരുന്നതെങ്കിലും നാല്പതു ദിവസത്തേക്കു പ്രത്യേക വിധമായ ഒരു താപസ ജീവിതം കഴിച്ചുകൊണ്ടു അതിന്റെ മാഹാത്മ്യത്തെ നമുക്കു കാണിച്ചുതന്നു. അമിതമായ സുഖഭോഗാദികളോടുകൂടിയ ജീവിതം ആത്മാവിനു മാത്രമല്ല, ശരീരത്തിനും നാശകാരണംതന്നെ. അതിനാൽ തപസ്സുകാലത്തെ ഭയപ്പെടാതെ, ദിവ്യരക്ഷകന്റെയും പുണ്യാത്മാക്കളുടെയും മാതൃകയനുസരിച്ചു ധൈൎയ്യസമേതം അതിനെ സൂക്ഷ്മമമായി അനുസരിക്കുന്നതിനു എല്ലാ ക്രിസ്ത്യാനികൾക്കും കടമയുണ്ടായിരിക്കുന്നു.

## കത്തോലിക്ക പത്രമണ്ഡലം.

കേരളത്തിലെ കത്തോലിക്ക പത്രമണ്ഡലം അഭൂതപൂൎവ്വമായി ഉണൎന്നു വശായിട്ടുണ്ടെന്നു കാണുന്നതു അത്യന്തം ചാരിതാൎത്ഥ്യജനകമാണ്. — നസ്രാണിദീപിക പ്രതിദിനമായിത്തീൎന്നിരിക്കുന്നു. സത്യനാദം ത്രൈവാരികയാക്കാൻ ആലോചനയുള്ളതായി കേൾക്കുന്നു. കോട്ടയംപത്രിക ജനുവരിയവസാനംമുതൽ പ്രത്യൎദ്ധവാരികയായി പുറപ്പെട്ടുതുടങ്ങിയിരിക്കുന്നു. ദാസൻ സ്വന്ത പ്രസ്സിനായിട്ടുള്ള പണപ്പിരിവു നടത്തിവരുന്നു. തിരുഹൃദയദൂതൻ ആകൃതിയിലും പ്രകൃതിയിലും പല മാറ്റങ്ങളോടുകൂടെ വത്സരാരംഭംമുതൽ പരിലസിക്കുന്നു. കഥാചന്ദ്രികയും ചെറുപുഷ്പവും കൂടുതൽ ധാടിയോടും മോടിയോടും വളൎന്നുവരുന്നു. വിദേശങ്ങളിൽ സുലഭമായുള്ള തരത്തിൽ നവമായി ഒരു വേദപ്രചാരപത്രിക തുടങ്ങുന്നതിനു റവ. ഡോക്ടർ പഞ്ഞിക്കാരൻ ഉദ്ദേശിച്ചിട്ടുള്ളതായി അറിയുന്നു. ജനങ്ങളെ മതനിഷ്ഠയും സമുദായബോധവും രാജ്യാഭിമാനവും ഉള്ളവരാക്കിത്തീൎക്കുന്നതിനു പത്രങ്ങൾ എത്ര ശക്തിയുള്ള ഉപകരണങ്ങളാണെന്നു പറയേണ്ടതില്ലല്ലൊ. എഴുതാൻ ശേഷിയുള്ളവരും, വായിക്കാൻ പ്രാപ്തിയുള്ളവരും ഈ ഉണൎച്ചയുടെ അവസരത്തെ ഉപയോഗപ്രദമാക്കിത്തീൎത്താൽ നമ്മുടെ പത്രങ്ങളെല്ലാം ഭംഗിയായി നടന്നുപോകുന്നതിനും, തദ്വാരാ രാജ്യത്തിനും സമുദായത്തിനും നിരവധി നന്മകൾ ഉത്ഭൂതമാകുന്നതിനും യാതൊരു പ്രയാസവുമില്ല. നേരെമറിച്ചു സമുദായത്തിന്റെ നേതാക്കന്മാരെ ഭാവിക്കുന്നവരും, സമുദായത്തോടുപദേശിപ്പാൻ അൎഹതയുള്ളവരെന്നു ഗണിക്കപ്പെടുന്നവരും, എന്നല്ല, സമുദായത്തിന്റെ ഒരു വലിയ പങ്കുതന്നെയും, ഇതൊന്നും അറിഞ്ഞില്ലെന്നുള്ള നിലയിൽ വൎത്തിക്കുന്നപക്ഷം അവരെല്ലാം എന്തെല്ലാം ശ്രമിച്ചാലും സമുദായത്തിനു അതുകൊണ്ടു ഗണ്യമായ ഫലം സിദ്ധിപ്പാൻ പ്രയാസമായിട്ടേ വരികയുള്ളു.

# വിശ്വാസത്താലുള്ള നീതീകരണം.

(റവ. ഫാദർ പഞ്ഞിക്കാരൻ എം. എ. പി. എച്ച്. ഡി. ഡി. ഡി. ഡി. സി. എൽ.)

വിശ്വാസം മാത്രംകൊണ്ടുള്ള നീതീകരണമോ അഥവാ സ്വാഭിപ്രായംപോലെ വേദപുസ്തകത്തെ പൊരുൾതിരിച്ചനുസരിക്കുന്ന സമ്പ്രദായമോ കൊണ്ടു രക്ഷപ്രാപിക്കാമെന്നു ശഠിക്കുന്ന പ്രൊട്ടസ്റ്റാൻറുകാരുടെ അഭിപ്രായത്തെ ഈയവസരത്തിൽ ഗുണദോഷവിവേചനം ചെയ്യുന്നതു സത്യസന്ധരായ വായനക്കാൎക്കുപകരിക്കുമെന്നു വിശ്വസിക്കുന്നു. ഈ അഭിപ്രായം പ്രൊട്ടസ്റ്റാൻറുസഭയുടെ മൂലതത്വവും അവരിലുള്ള മിക്ക വിഭാഗങ്ങളാലും ഉദ്യേസാധാരണമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. എങ്കിലും ഇവയുടെ അടിസ്ഥാനരാഹിത്യത്തിനു വേദാഗമംതന്നെ സാക്ഷ്യം വഹിക്കുന്നു.

വി. യാക്കോബ്ശ്ലീഹായുടെ തിരുവെഴുത്തിൽ വിശ്വാസംകൊണ്ടുമാത്രം രക്ഷപ്രാപിപ്പാൻ നിവൃത്തിയില്ലെന്നു വ്യക്തമായും പ്രസ്പഷ്ടമായും പറഞ്ഞിരിക്കുന്നു. "എന്റെ സഹോദരരെ, ഒരു മനുഷ്യൻ തനിക്കു വിശ്വാസമുണ്ടെന്നു പറയുന്നുവെങ്കിലും നന്മപ്രവൃത്തികൾ അവൻ ചെയ്യുന്നില്ലെങ്കിൽ അതുകൊണ്ടെന്തു ഫലം? വിശ്വാസം അവനെ രക്ഷിക്കുന്നതിനുമതിയാകുമോ?" (2. 14.) ഇത്രയും വ്യക്തമായി സൽപ്രവൃത്തികളുടെ ആവശ്യകതയെ കാണിച്ചശേഷം ശ്ലീഹാ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ഇതുപോലെതന്നെ വിശ്വാസം നന്മപ്രവൃത്തികളോടുകൂടി സംഘടിപ്പിക്കപ്പെട്ടിരിക്കുന്നില്ലെങ്കിൽ ജീവനില്ലാത്തതാകുന്നു. (2. 17): വീണ്ടും വിശ്വാസംകൊണ്ടു മാത്രമല്ല, നന്മപ്രവൃത്തികൾകൊണ്ടാണു മനുഷ്യൻ നീതീകരിക്കപ്പെടുന്നതെന്നു നിങ്ങളറിയുന്നുവോ." (2. 24.) "അഹംഭാവിയായ മനുഷ്യാ, നന്മപ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം ജീവനില്ലാത്തതാകുന്നുവെന്നു നീ അറിയുന്നുവൊ? (2. 20.) അവസാനമായി ആത്മാവില്ലാത്ത ശരീരം മരിച്ചതായിരിക്കുന്നതുപോലെതന്നെ നന്മപ്രവൃത്തികളില്ലാത്ത വിശ്വാസം മരിച്ചതാകുന്നു. (2. 26.)

പ്രൊട്ടസ്റ്റൻറുകാർ ഈ ലേഖനത്തെ ദൈവവെളിപാടായി സ്വീകരിക്കുന്നില്ല. പക്ഷേ അവരുടെ അഭിപ്രായത്തിന്നെതിരായി ഇതിൽ പല സംഗതികളുള്ളതുകൊണ്ടായിരിക്കാം അങ്ങനെ ചെയ്യാത്തതു്.

വി. പൌലോസ്ശ്ലീഹാ കൊറിന്ത്യൎക്കു ഇപ്രകാരമെഴുതിയിരിക്കുന്നു. "മലകളെ മാറ്റുവാൻ തക്ക വിശ്വാസമിനിക്കുണ്ടെങ്കിലും സ്നേഹമില്ലായെങ്കിൽ ഞാനൊന്നുമില്ലാത്തവനാകുന്നു. (1. കൊറി. 13. 2.) ഇതുപോലെതന്നെ റോമാക്കാൎക്കു എഴുതിയ ലേഖനത്തിൽ "ശരണത്താൽ നമ്മൾ നീതീകരിക്കപ്പെടുന്നു" (8. 24.) വെന്നു പറഞ്ഞിരിക്കുന്നു. നീതീകരണത്തിനു അനുതാപം ആവശ്യമെന്നു നമ്മുടെ കൎത്താവുതന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. "നിങ്ങൾ പ്രായശ്ചിത്തം ചെയ്യുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും ഇപ്രകാരംതന്നെ മരിക്കും. (ലൂക്കാ. 13. 3.) എസെക്കിയേൽ ദീൎഘദൎശി നീതീകരണത്തിനാവശ്യമായവയെപ്പററി ഇങ്ങനെ പ്രവചിച്ചിരിക്കുന്നു. "പാപി, അവന്റെ പാപപൊറുതിക്കുവേണ്ടി പ്രായശ്ചിത്തം ചെയ്യുന്നതപിക്കയും ദൈവകല്പനകളെ കാത്തനുസരിച്ചു ന്യായത്തേയും നീതിയേയും പ്രവൎത്തിക്കയും ചെയ്യുന്നുവെങ്കിൽ അവൻ മരിക്കാതെ ജീവനോടുകൂടി ജീവിക്കും" (18. 21.)

വേദാഗമത്തിൽ നിന്നു ഇത്രയും വെളിവായി ടി. വാദത്തിന്റെ അടിസ്ഥാനരാഹിത്യത്തെ കാണിച്ചിട്ടു "വിശ്വാസംമാത്രം" രക്ഷക്കുമതിയാകുന്നതാണെന്നു ശഠിച്ച ലൂതർകാൽവിൻ മത

ലായവരെ എഴുതുവാൻ നിർബന്ധിതരാക്കിയ അബദ്ധങ്ങളിൽ നിന്നു ഈ വാദത്തിന്റെ കഥയില്ലായ്മയെ കാണിക്കാം. ലൂതർപറയുന്നതാവിത്: 'സ്വർഗ്ഗം പ്രാപിക്കുന്നതിനായി നന്മ ചെയ്യുന്ന ഭക്തിക്കാരായ ആത്മാക്കൾ ആ പരമാനന്ദം ഒരുനാളും പ്രാപിക്കയില്ലെന്നു മാത്രമല്ല അവരെ ബഹിഷ്കരിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഗണിക്കേണ്ടിയുമിരിക്കുന്നു. വീണ്ടും കൊലപാതകവും മോഷണവും നന്മപ്രവൃത്തികളെക്കൊണ്ടു രക്ഷ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നതിനോളം അത്രവലിയ കുററങ്ങളല്ല. കാൽവിൻ ഇപ്രകാരമാണു പറഞ്ഞിരിക്കുന്നത്: "നമ്മുടെ ബുദ്ധിക്കു ഗോചരമല്ലാത്ത കാരണങ്ങളാൽ ദൈവിക നിയമങ്ങളെ മറുതലിക്കുന്നതിനു ദൈവംതന്നെ മനുഷ്യനെ ഉത്സാഹിപ്പിക്കുന്നു". സ്വിങ്ക്ളിയുസ് പറയുന്നതാവിതു: "പാപത്തിന്റെ പ്രഥമത്വം ദൈവമാകുന്നു. മനുഷ്യൻ എല്ലാ പാതകങ്ങളേയും ചെയ്യുന്നത് ഒഴിച്ചുകൂടാത്ത ഒരു ദൈവ നിശ്ചയത്താലാകുന്നു." ഇപ്രകാരം ദൈവദൂഷണവാചകങ്ങളാൽ സദാചാരത്തിന്റെയും നീതിശാസ്ത്രത്തിന്റെയും മൂലസൂത്രങ്ങളെ ഉന്മൂലനം ചെയ്യുന്ന ഈവക പ്രമാണങ്ങളെ ഇതിലധികം ഉദ്ധരിക്കുന്നില്ല.

---

## ദൈവത്തിലുള്ള മനോവിശ്വാസം.

കന്യകയായ ബനീഞ്ഞായോടു ദിവ്യരക്ഷകൻ ഒരിക്കൽ അരുളിച്ചെയ്തതായതു. "നരകശത്രുക്കൾ ആത്മാക്കളേ പാപത്തിലേക്കു ചായിക്കയിൽ എന്നിൽ മനോവിശ്വാസം ഇല്ലാതിരിക്കുന്നതിനുകൂടെ അവരെ പ്രേരിപ്പിക്കുന്നപക്ഷം അവർ ആത്മാക്കൾക്കു ഏററം വലിയനാശംവരുത്തിക്കൂട്ടുന്നു. ഒരാത്മാവിനു എന്നിൽ മനോവിശ്വാസമുള്ള കാലത്തോളം അവളുടെ കാര്യം ഭയപ്പെടാനില്ല. എന്നാൽ മനോവിശ്വാസമില്ലായ്കവഴിയായി അവളേ എന്റെ ഹൃദയത്തിൽനിന്നു നിഷ്കാസനം ചെയ്യുന്നതിനു ആ ദുഷ്ടശത്രുവിനു സാധിക്കുന്നതായാൽ, അഹോ! ആ ആത്മാവിനേ തിരികെ കൊണ്ടുവരുന്നതിനു എന്തെല്ലാം തീവ്രയത്നങ്ങൾ ഞാൻ ചെയ്യേണ്ട വരും....... മനോവിശ്വാസമില്ലായ്ക മററു നൂറു പാപങ്ങളേക്കാൾ എന്റെ ഹൃദയത്തേ മുറിപ്പെടുത്തുന്നു. അതേ. അങ്ങിനെതന്നെ. മനോവിശ്വാസമില്ലായ്മ എന്റെ ഹൃദയത്തിൽ ആഴമായ മുറിവുകൾ ഏൾപിക്കുന്നു. അത്ര തീഷ്ണതരമായി ഞാൻ മനുഷ്യഗണത്തെ സ്നേഹിക്കുന്നുവെന്നുള്ളതാണു ഇതിന്റെ കാരണം.

---

## അന്തിയോക്കിയാ കത്തോലിക്കാ സുറിയാനി പാത്രിയക്കീസ്.

(റവ. ഫാദർ റൊമേയോ തോമസ്. സി. ഡി. ബി. എ. ഓഫ്നെഴ്സ്.)

**യാ**ക്കോബായക്കാർ ആദ്യമായി കത്തോലിക്കാ ഐക്യതയിൽ പ്രവേശിച്ചതു 15-ാം നൂററാണ്ടിലാണ്. 1440-ൽ യാക്കോബായ പാത്രിയക്കീസായ യോഹന്നാൻ അന്ത്രയോസെന്ന ആശ്രമശ്രേഷ്ഠനെ സ്വന്ത സ്ഥാനപതിയായി നാലാം എവുജനിയോസ മാർപ്പാപ്പായുടെ പക്കലയച്ചു. മാർപ്പാപ്പാ ഫ്ലോറൻസു സൂനഹദോസിന്റെ ഒരു പ്രത്യേക സെഷ്യനിൽവെച്ചു 1441 ഫെബ്രുവരി 5-ാംനു- യാക്കോബായക്കാരെ കത്തോലിക്കാ സഭയിലേക്കു സ്വീകരിച്ചു. എന്നാൽ ഈ യോജിപ്പു നിലനിന്നില്ല.

1781-ൽ ഗിവറുഗീസു തൃതീയൻ എന്ന യാക്കോബായ പാത്രിയക്കീസു

കാലം ചെയ്തപ്പോൾ, കത്തോലിക്കാ ഐക്യത്തിൽ പ്രവേശിക്കുന്നതിനു ആഗ്രഹിച്ചിരുന്ന മെത്രാന്മാരും ജനങ്ങളും ഇഗ്നാസിയോസു ജിയാർവ് എന്ന ദേഹത്തെ പാത്രിയക്കീസായി തിരിഞ്ഞെടുത്തു. ഉടനെതന്നെ അദ്ദേഹവും ജനങ്ങളും കത്തോലിക്കാസഭയിൽ പ്രവേശിച്ചു. മാർപ്പാപ്പാ അദ്ദേഹത്തെ അന്തിയോക്കിയായിലെ സുറിയാനി പാത്രിയക്കീസായി സ്ഥിരീകരിച്ചു. 1781-മുതൽ തുടർച്ചയായി ഈ പാത്രിയക്കീസും പിൻഗാമികളും കത്തോലിക്കാ ഐക്യതയിൽ വർത്തിക്കുന്നു. ഇപ്പോഴത്തെ പാത്രിയക്കീസു ബെയിറൂട്ടിലാണു് താമസം. അദ്ദേഹം മൂന്നു മെത്രാപ്പോലീത്താമാരെയും ആറു മെത്രാന്മാരേയും അഞ്ചു സന്യാസാശ്രമങ്ങളേയും 25000 കുടുംബങ്ങളേയും ഭരിക്കുന്നു.

1781-ൽ കത്തോലിക്കനായ പാത്രിയക്കീസിനെ സ്വീകരിക്കാതെ യാക്കോബായക്കാർ വേറൊരാളിനെ പാത്രിയക്കീസായി തെരിഞ്ഞെടുത്തു. ഇദ്ദേഹത്തിന്റെ അനന്തരഗാമിയാകുന്നു ഇപ്പോഴത്തെ യാക്കോബായ പാത്രിയക്കീസു. അദ്ദേഹം തുർക്കിയിലെ മർട്ടിൻ പ്രദേശത്തുള്ള സഫ്രാൻ ആശ്രമത്തിൽ താമസിക്കുന്നതിനാൽ മർട്ടീൻ അഥവാ സഫ്രാൻ പാത്രിയക്കീസു എന്നും വിളിക്കപ്പെടുന്നു. ഇദ്ദേഹം ഭരിക്കുന്ന ജനങ്ങളിൽ 75 ശതമാനവും കേരളത്തിലത്രെ. കേരളത്തിനു പുറമെ യാക്കോബായ പാത്രിയക്കീസിന്റെ അധികാരത്തെ സ്വീകരിക്കുന്നവരായി മഹായുദ്ധത്തിനുമുമ്പു എൺപതിനായിരത്തിലധികം ജനങ്ങളില്ലായിരുന്നു. യുദ്ധശേഷമാകട്ടെ എണ്ണം അതിലും വളരെ കുറഞ്ഞിട്ടുണ്ടു്.

## ദൈവജനനിയുടെ ശുദ്ധീകരണം.

(പദ്യം.)

(മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള)

പ്രയതമറിയ,മോശതൻ വിശിഷ്ടം
നിയമമനസ്സിളമാദരിക്കുവാനായ്
പ്രിയതമനൊടു ചേൎന്നുദിവ്യദേവാ-
ലയമതിലാത്മജനേ നയിച്ചുപിന്നെ.

ജനതയൊടലിവങ്കുരിച്ചുപാരിൻ
വിനകളമന്ദമകററിടുന്നതിന്നായ്
അനഘമണികളാപ്പിതാക്കളോമൽ-
ത്തനയനെയീശനു കാഴ്ചയായിവച്ചു.

ഇളയിലരിയസൽഗ്ഗുണോൽകരത്താ-
ലളവുകടന്നുവിളങ്ങുമാവരേണ്യർ
വളരെ വിനയമോടംഗിയേറ്റും
കളരവപോതയുഗംബലിക്കുമേകി.

തൻ
ഹ്ലന്നപെരുകിയ പാവനൻപരൻ-
തുണവിലസും ഗുരുവര്യനായ വൃദ്ധൻ
ഗുണഗണനിധിനിർമ്മലൻ ശിമോന-
ക്ഷണമരികത്തുകതാർ തെളിഞ്ഞുവന്നു.

'ധരണിയിലഭിഷിക്തനെത്തുവോളം
മരണമടഞ്ഞിടുകില്ലി'തെവിധത്തിൽ
വരമരുളിയ ദേവനിൽസ്സദാ തൻ
ശരണമണച്ചമരുന്നിതാ വിശുദ്ധൻ.

കരളിലധിക ഭക്തിപൂണ്ടുനില്ക്കും
സരസിജലോചനയിങ്കൽനിന്നു വൃദ്ധൻ
കരതളിരിണയിൽസ്സമസ്തലോകേ-
ശ്വരസുതനെബ്ബഹുമാനമോടു വാങ്ങി.

ഭുജലതകളുയർത്തിയിട്ടു നന്ദാ-
യജസുതനേ മുടിതൊട്ടു കാല്ക്കലോളം
നിജമിഴികളിമച്ചിടാതെ പേർത്താ-
സ്സുജനശിരോമണി വൃദ്ധനുററുനോക്കി.

തടിനിയുടെ തടത്തിലെത്തിയോരാ-
(പോൽ
കൊടിയ പിപാസകകന്ന മാനുഷൻ-
ഝടിതി മുഖസരോരുഹം തെളിഞ്ഞി-
പ്പടി സരസം നിഗദിച്ചു വൃദ്ധവര്യൻ.



“മതി മതി, ഭുവനത്രയപ്രഭോ! നിൻ
സ്തുതിയെ നടത്തിവരുന്ന ദാസനിപ്പോൾ
മതിയിലുപമയററ മോദമാടി-
ക്ഷിതിയെ വിടാനിടയാക്കി നീ ദയാലോ!

“വരദ! തവ ജനത്തിനീശനായും
പരജനതയ്ക്കണയാന്ധദീപമായും
ധരണിയിലവിടുന്നയച്ച രക്ഷാ-
കരനിവനീക്ഷണലക്ഷ്യമായിതല്ലോ”!

ഗുരുവരഗണമൌലിയാം ശിമയോന—
(ത്താൽ
ന്നരുളിയവാക്കുകൾ കേൾക്കകാരണ—
വിരുതുവില സുമുന്നിതൻ പിതാക്കൾ—
ക്കരതരവിസ്മയമുള്ളിലങ്കുരിച്ചു.

ശമധനമണിവൃദ്ധനേററമാശി-
സ്സമലജനാഗ്രിമരാമവർക്കു നൽകി,
സുമമടിപണിയുന്ന മേനി തേടും
(പിന്നെ.
സുമഹിതയാം മറിയത്തൊടോതി—

“അനവധിഹൃദയങ്ങളിൽ തഴയ്ക്കും
(ന്നായ്
നിനവുകളാകെ വെളിപ്പെടേണ്ടതി-
ജനതയുടെ വിനഷ്ടിമുൽഗതിക്കും
വിനയവിഹീനവിവാദലക്ഷ്യമായും.

‘അനഘമകുടമാകുമീശനാലേ
തനയനിവൻ നിയതം നിയുക്തനത്രേ;
ഘനമെഴുമൊരു വാൾ സുശീലയാം നിൻ
വിനയമെഴും ഹൃദയത്തിലും കടക്കും’—
(യുഗ്മകം.)

പരമചരിത ദീർഘദർശനത്തിൻ
വരമിയലും വിധവാജനാവതംസം
ഉരപെരുകിയ വൃദ്ധയാകുമന്നാ
സരസമനന്തരമാസ്ഥലത്തു വന്നു.

ഭ്രമരനിര സുഗന്ധമോലുമോമൽ-
സുമഗണമൊത്ത വനത്തിലെന്നപോലെ
ഉന്മദമൊടു തദീയനേത്രയുഗ്മം
സമമമലൻ ശിശുവിൻ മുഖത്തിലെത്തി.

ധരയിലവതരിച്ചവന്ദ്യനാമീ-
ശ്വരനുടെ നന്ദനനെ പൂലലാമം
നിരവധി ചടുഭാഷിതങ്ങളാലാ-
ദരസഹിതം തദനന്തരം സ്തുതിച്ചു.

നിയമവിധികണക്കു ചെയ്യിടേണ്ടും
ക്രിയകൾ മുറയ്ക്കു നടത്തിയോരു ശേഷം
പ്രയതമറിയവും സുശീലനാകും
പ്രിയതമനും നസറേത്തിലെത്തിചാരെ.

# പ്രോട്ടസ്റ്റൻറു സഭയും പാപ സംകീൎത്തനകൂദാശയും.

(റവ. ഫാദർ ജോസഫ് പറേടം)

ഒരിക്കൽ ഒരു പക്ഷവാതരോഗിയെ സുഖപ്പെടുത്തുന്നതിനായി നമ്മുടെ ദിവ്യരക്ഷകൻെറ പക്കൽ ഏതാനും ആളുകൾ കൊണ്ടുചെല്ലുകയുണ്ടായി. ഈശോ അവരുടെ വിശ്വാസം കണ്ടപ്പോൾ താൻ പക്ഷവാതരോഗിയോടു പറയുന്നു "മകനെ നിൻെറ പാപങ്ങൾ നിനക്കു മോചിക്കപ്പെട്ടിരിക്കുന്നു. അവിടെ ഇരുന്നിരുന്ന ചില ഉപാദ്ധ്യായന്മാർ അപ്പോൾ ഇങ്ങനെ വിചാരിച്ചു. "ഈ മനുഷ്യൻ എന്തുകൊണ്ടാണിങ്ങനെ പറയുന്നതു്? ഇവൻ ദൈവദൂഷണം പറകയാണല്ലോ. പാപം മോചിക്കുന്നതിനു ദൈവത്തിനു മാത്രമല്ലാതെ ആൎക്കുസാധിക്കും?

(മൎക്കോസ് 2-5-8)

ഈശോ കേവലം ഒരു മനുഷ്യനാണെന്നു തെററിധരിച്ചതുകൊണ്ടാണ് ഗൎവ്വിഷ്ഠരായ ഉപാദ്ധ്യായന്മാർ തൻെറ പാപമോചനാധികാരത്തെപ്പററി ഇങ്ങനെ സംശയിച്ചതു്. താൻ സത്യദൈവവുംകൂടി ആണെന്നു വിശ്വസിച്ചിരുന്നെങ്കിൽ ഈ അബദ്ധത്തിൽ അവർ നിപതിക്കയില്ലായിരുന്നു. പാപങ്ങളെ മോചിക്കുന്നതിനുള്ള അധികാരം മ്ശിഹായിൽ നിന്നു സഭക്കും സഭയിൽ നിന്നു തനിക്കും സിദ്ധിച്ചിട്ടുണ്ടു് എന്നു ഒരു കത്തോലിക്കാ വൈദികൻ ഇന്നു പറയുന്നതു കേൾക്കുമ്പോൾ മേൽ പ്രസ്താവിച്ച ഉപാദ്ധ്യായന്മാരെപ്പോലെ സംശയഗ്രസ്തരായി നെററി ചുളിക്കുന്ന പ്രോട്ടസ്റ്റൻറുകാരും കത്തോലിക്കാ വൈദികനിൽ മ്ശിഹായുടെ പ്രതിപുരുഷനെ ദൎശിക്കുന്നതിനു പകരം കേവലം പാപിയായ ഒരു മനുഷ്യനെ മാത്രമെ കാണുന്നുള്ളു. ബൈബിൾ (വേദപുസ്തകം) തങ്ങളുടെ സ്വന്തമാണെന്നു ഭാവിക്കുന്ന ഇക്കൂട്ടർ, അതു നിഷ്പക്ഷബുദ്ധ്യാ വായിക്കമാത്രം ചെയ്യുന്ന പക്ഷം പാപമോചനാധികാരം മ്ശിഹായിൽ നിന്നു സഭക്കു സിദ്ധിച്ചിട്ടുണ്ടെന്നു സമ്മതിക്കുന്നതിനു നിർബന്ധിതരായേനെ.

താൻ ഉയൎത്തതിൻെറശേഷം ദിവ്യരക്ഷകൻ തൻെറശിഷ്യഗണത്തോടു പറയുന്നതു കേൾക്കുക. "പിതാവു് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെയും അയക്കുന്നു... പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ. നിങ്ങൾ ആരുടെ പാപങ്ങളെ മോചിക്കുന്നുവോ അവ അവൎക്കു മോചിക്കപ്പെടുന്നു. നിങ്ങൾ ആരുടെ പാപങ്ങളെ പിടിച്ചുകൊള്ളുന്നുവോ അവ അവൎക്കു പിടിക്കപ്പെടുന്നു" (യോഹ 20. 21. 23) പാപങ്ങളെ മോചിക്കുന്നതിനുള്ള അധികാരം തൻെറ ശിഷ്യൎക്കു കൊടുത്തിട്ടുണ്ടെന്നു ഈ വാക്യങ്ങളിൽ നിന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. പാപികളുടെ രക്ഷക്കായി നൽകപ്പെട്ട പാപമോചനാധികാരം ലോകത്തിൽ പാപികളുള്ള കാലത്തോളം നിലനിൽക്കേണ്ടതാകയാൽ, ശ്ലീഹന്മാരുടെ അനന്തരഗാമികളായ വൈദികൎക്കും പ്രസ്തുത അധികാരമുണ്ടെന്നു കത്തോലിക്കാസഭ വിശ്വസിക്കയും അതനുസരിച്ചു പ്രവൎത്തിക്കയുമത്രെ ചെയ്തുവരുന്നതു്. ക്രൈസ്തവസഭയുടെ ആരംഭം മുതൽക്കേ ഈവിശ്വാസവും ആചാരവും ഉണ്ടായിരുന്നു എന്നും 16-ാം നൂററാണ്ടിലെ മതപരിവൎത്തനംവരെ അതു അനുസ്യൂതമായി നില നിന്നിരുന്നു എന്നും രക്ഷാകരങ്ങളായ മററു പല ഉപദേശങ്ങളും തള്ളിക്കളഞ്ഞ കൂട്ടത്തിൽ പാപസങ്കീൎത്തനത്തേയും നിഷ്കാസനം ചെയ്തതു് അക്കാലത്തെ മതപരിവൎത്തകന്മാരാണെന്നും സഭാചരിത്രം ഒരാവൎത്തിയെങ്കിലും വായിക്കുന്നവനു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. വാസ്തവത്തിൽ മതപരിവൎത്തന കൎത്താവായ ലൂതർ പാപസങ്കീൎത്തനത്തിൻെറ പ്രയോജനത്തേയും

ആവശ്യകതയേയും സമ്മതിക്കുന്നുണ്ട്. അയാൾ പറയുന്നു. 'ഇപ്പോൾ നടപ്പുള്ള കാൎണ്ണിക പാപസങ്കീൎത്തനം പ്രയോജനകരമെന്നു തന്നെയല്ല ആവശ്യമായിട്ടുള്ളതും ആകുന്നു. അതു നിൎത്തൽ ചെയ്യപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ അതു ദുഃഖിതങ്ങളായ മനസാക്ഷികളുടെ ഔഷധമാകുന്നു'(നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം 26-ാം അദ്ധ്യായം) മാത്രവുമല്ല വൈദികൎക്കു പാപങ്ങളെ മോചിക്കുന്നതിനുള്ള അധികാരമുണ്ടെന്നു സാധാരണ പ്രാൎത്ഥനാ പുസ്തകം എന്നു പേരുള്ള അവരുടെ പുസ്തകത്തിൽ നിന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. പ്രോട്ടസ്റ്റാൻറു സഭയിലെ വൈദികമേലദ്ധ്യക്ഷന്മാരുടെയും രാജ്യാധിപതിയുടെയും അംഗീകാരം സിദ്ധിച്ചിട്ടുള്ള പ്രസ്തുത പുസ്തകത്തിൻെറ പ്രാമാണ്യം അനിഷേദ്ധ്യമാണല്ലൊ. 'രക്ഷക്കു പൊതുവിൽ ആവശ്യമുള്ളതായിട്ടു ബപ്റ്റിസ്മയും കൎത്താവിൻെറ അത്താഴവും എന്നീ രണ്ടു സക്രമെന്തുകൾ മാത്രമെയുള്ളു' എന്നു പ്രാൎത്ഥനക്രമം 323-ാം പക്ഷത്തിൽ പ്രസ്താവിച്ചിട്ടുള്ളതിൽ നിന്നു വേറെ സക്രമെന്തുകൾ (ക്രൂദാശകൾ) ഉണ്ടെങ്കിൽ തന്നെയും അവ രക്ഷക്കു ആവശ്യമുള്ളതല്ലെന്നായിരിക്കാം വിവക്ഷ. രണ്ടായാലും പ്രെസ്ബിററന്മാൎക്കു (പുരോഹിതന്മാൎക്കു) പട്ടം കൊടുക്കുന്ന ക്രമത്തിൽ ഇങ്ങനെ കാണുന്നുണ്ട്. 'ദൈവത്തിൻെറ സഭയിൽ ഞങ്ങളുടെ കൈ വെപ്പിനാൽ ഇപ്പോൾ നിന്നെ ഏല്പിക്കുന്ന പ്രെസ്ബിററർ സ്ഥാനത്തിനും പ്രവൎത്തിക്കും പരിശുദ്ധാത്മാവിനെ കൈക്കൊൾക. നീ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവൎക്കു മോചിക്കപ്പെട്ടിരിക്കുന്നു. ആരുടെ പാപങ്ങൾ നിൎത്തുന്നുവോ അവൎക്കു നിൎത്തിയിരിക്കുന്നു.... പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആമ്മേൻ' (സാ. പ്രാൎത്ഥനപുസ്തകം 677-ാം പുറം) വൈദിക സ്ഥാനമേൽക്കുമ്പോൾ മെത്രാനിൽ നിന്നു കിട്ടുന്ന ഈ അധികാരം പുരോഹിതൻ ഉപയോഗിക്കുന്നതായി പ്രസ്തുത പുസ്തകം 354-ാം പക്ഷത്തിൽ രോഗികളെ സന്ദൎശിക്കുന്നതിനുള്ള ക്രമത്തിൽ കാണുന്നുണ്ട്. അതു ഇങ്ങനെയാണ്. 'വല്ല ഘനമായുള്ള സംഗതികൊണ്ടും രോഗിയുടെ മനസ്സാക്ഷി ചഞ്ചലപ്പെടുന്നുവെങ്കിൽ, അവൻെറ പാപങ്ങളെ വിശേഷാൽ ഏററു പറയേണ്ടതിന്നു ശുശ്രൂഷകൻ അവനെ താല്പൎയ്യപ്പെടുത്തണം. ഇങ്ങനെ ഏററുപറഞ്ഞ ശേഷം രോഗി താഴ്മയോടും മനഃപൂൎവ്വമായും ആഗ്രഹിക്കുന്നു എങ്കിൽ പ്രെസ്ബിററർ താഴെ വരുന്ന പ്രകാരം അവനെ മോചിക്കണം. 'സത്യമായി മാനസാന്തരപ്പെട്ട് തന്നിൽ വിശ്വസിക്കുന്ന സകല പാപികളേയും മോചിപ്പാനുള്ള അധികാരം തൻെറ സഭക്കു കൊടുത്തിരിക്കുന്ന നമ്മുടെ കൎത്താവായ യേശുമിശിഹാ തൻെറ മഹാകരുണകൊണ്ടു നിൻെറ കുററങ്ങളെ ഒക്കെയും നിന്നോടു ക്ഷമിക്കട്ടെ. എൻെറ പക്കൽ ഏല്പിക്കപ്പെട്ടിരിക്കുന്ന തൻെറ അധികാരംകൊണ്ടു പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ഞാൻ നിൻെറ സകല പാപങ്ങളിൽ നിന്നും നിന്നെ മോചിക്കുന്നു.'

ഒരു സഭയുണ്ടെന്നും സഭക്കു പാപങ്ങളെ മോചിക്കുന്നതിനുള്ള അധികാരം മിശിഹായിൽ നിന്നു ലഭിച്ചിട്ടുണ്ടെന്നും അതേ അധികാരത്തിൻെറ പ്രയോഗത്താൽ അനുതപിക്കുന്ന പാപിയെ മോചിക്കാൻ പട്ടക്കാരനു പാടുണ്ടെന്നും സുവ്യക്തമായ ഭാഷയിൽ രേഖപ്പെടുത്തിയിട്ടുള്ള പുസ്തകവും വഹിച്ചുകൊണ്ടു നടക്കുന്ന പ്രോട്ടസ്റ്റാൻറു സഹോദരന്മാർ കത്തോലിക്കരുടെ പാപസങ്കീൎത്തനോപദേശത്തെ അധിക്ഷേപിക്കുന്നതു വിചിത്രം തന്നെ! എന്നാൽ പണ്ടു നമ്മുടെ കൎത്താവിനെ കൊല്ലേണ്ട മാൎഗ്ഗങ്ങളെപ്പററി ആലോചിക്കുന്നതിനായികൂടിയ യഹൂദപ്രമാണികളുടെ യോഗത്തിൽ അദ്ധ്യക്ഷം വഹിച്ച കയ്യേപ്പാ താനറിയാതെ തന്നെ മിശിഹായുടെ ദൈവസ്വഭാവത്തെ പരോക്ഷമായി സമ്മതിച്ചതു

പോലെ തങ്ങളുടെ കൈവശമിരിക്കുന്ന പ്രമാണങ്ങളെ വിസ്തരിച്ചു പാപസങ്കീർത്തനത്തെപ്പററിയുള്ള കത്തോലിക്കരുടെ ഉപദേശത്തെ അവഹസിക്കുന്ന പ്രോട്ടസ്റ്റാൻറുകാരും അവിചാരിതമായി ഒരു പരമാർത്ഥം വെളിപ്പെടുത്തുന്നുണ്ട്. അതു മിശിഹാ ഒരു സഭയല്ലാതെ പല സഭകളെ സ്ഥാപിച്ചിട്ടില്ലെന്നും, ആ സത്യസഭക്കു പാപങ്ങളെ മോചിക്കുന്നതിനു അധികാരം സിദ്ധിച്ചിട്ടുണ്ടെന്നും, എന്നാൽ 16-ാം നൂററാണ്ടിൽ സ്ഥാപിതമായ തങ്ങളുടെ സഭ മിശിഹാ സ്ഥാപിച്ച സഭയിൽ നിന്നു വിഭിന്നമായ ഒന്നാകയാൽ തങ്ങളുടെ സഭക്കു ഈ അധികാരത്തിനു അവകാശം ഇല്ലെന്നും ഉള്ള വസ്തുതയത്രെ.

# അൽമായ പ്രേഷകത്വം.

(റവ. ഫാദർ ജോസഫ് ഏലിയാസ് സി. ഡി. ബി. എ. എൽ. ററി.)

കത്തോലിക്കാവേദപ്രചരണം വൈദികരുടെ മാത്രം ജോലി എന്നു വിചാരിച്ചിരുന്ന ഒരു കാലം മലങ്കരെ ഉണ്ടായിരുന്നു. എന്നാൽ ആ നിലയെല്ലാം ഇപ്പോൾ പാടെ മാറിയിരിക്കുന്നു.

ഇപ്പോൾ അൽമായപ്രേഷകത്വത്തിനുള്ള കാലമത്രെ. വേദപ്രചാരം പ്രധാനമായി വൈദികരുടെ കർത്തവ്യകർമ്മമാണെങ്കിലും അൽമായ സഹകരണം കൂടാതെ അതു നിർവ്വഹിക്കുകയെന്നുള്ളതു കേവലം അസാദ്ധ്യമായിട്ടാണ് തീർന്നിരിക്കുന്നതു്.

സഹവാസികൾ തമ്മിൽ സ്നേഹാനുകമ്പകൾ ഉണ്ടാവുക സാധാരണമാണല്ലോ. സ്നേഹമുള്ളവർ പറയുന്നതിൽ മനോവിശ്വാസമുണ്ടാവുക സഹജവുമാണ്. ഇപ്രകാരമൊരു മനസ്ഥിതി വന്നുകഴിഞ്ഞാൽ പരസ്പരം ഓരോ സംഗതികൾ പറഞ്ഞു മനസ്സിലാക്കുന്നതിനു വളരെ എളുപ്പമുണ്ടു്. അൽമേനികൾക്കു വൈദികരെക്കാൾ ഈ വിഷയത്തിൽ കൂടുതൽ സൗകര്യമുണ്ടെന്നുള്ളതു് പ്രത്യക്ഷമാണ്.

ഒരു വൈദികനു ലഭ്യമാകാത്ത എത്രയോ സഹസ്രം അവസരങ്ങൾ ഒരു അൽമേനിക്കു സുലഭമാണ്. ആകയാൽ വേദപ്രചരണവേലയിൽ അധികമധികം ഭാഗഭാക്കുകളാവാൻ അൽമേനികൾക്കുള്ള കടം അനിഷേധ്യമത്രെ.

അൽമേനികൾ അതിലേക്കു തങ്ങളേത്തന്നെ ഒരുക്കേണ്ടിയിരിക്കുന്നു. അവർ പ്രഥമതഃ ചെയ്യേണ്ടതു് ദൃഷ്ടാന്തംമൂലം അന്യരെ ക്രിസ്തീയ വേദം പഠിപ്പിക്കയത്രെ. തങ്ങളുടെ ബാഹ്യവും അന്തരംഗവുമായ ജീവിതം കത്തോലിക്കതത്വങ്ങൾക്കനുസൃതമായിരിപ്പാൻ സർവ്വാത്മനാ പരിശ്രമിക്കണം. നമ്മുടെ സമസൃഷ്ടങ്ങളോടുള്ള സകല നടപടികളിലും സാക്ഷാലുള്ള കത്തോലിക്കത്വം പ്രത്യക്ഷപ്പെടണം. സാധാരണ സംഭാഷണങ്ങളിൽ വേദകാര്യങ്ങളെ വിവേകപൂർവ്വം കലർത്തുവാൻ അഭ്യസിക്കണം. വേദത്തെ സ്ഥാനത്തും അസ്ഥാനത്തും കുത്തിച്ചെലുത്തേണമെന്നല്ല പറയുന്നതു്. അന്യർക്കു വിരസം ജനിക്കാത്തവിധത്തിൽ ഇപ്രകാരം സംസാരിക്കുന്നതു അത്ര എളുപ്പവുമല്ല. അതിലേക്കു വേദതത്വങ്ങളെപ്പററിയുള്ള സാമാന്യജ്ഞാനവും വേണ്ടിയിരിക്കുന്നു. അതിനാൽ ഈ വിധമുള്ള ജ്ഞാനം സമ്പാദിക്കുന്നതിനു സൽഗ്രന്ഥങ്ങളുടെ പാരായണം വഴിയായിട്ടും മററും ഓരോരുത്തൻ യഥാശക്തി ശ്രമിക്കണം. ഏതായാലും ഈവിധ സംസാരങ്ങളിൽ കത്തോലിക്കാ സഭയുടെ വിശ്വാസമെന്ന ഭാവത്തിൽ സ്വാഭിപ്രായങ്ങളേയും അബദ്ധങ്ങളേയും പ്രകടിപ്പിക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

1882-ൽ അമ്മേരിക്കയിൽ ന്യൂയോർക്ക് നഗരത്തിൽ രണ്ടു വൈദികരും എട്ടു അൽമേനികളും ചേൎന്ന് ആരംഭിച്ച നൈറ്റ്സ് ഓഫ് കൊളമ്പസ് എന്നൊരു സഖ്യമുണ്ട്. ഇപ്പോൾ അതിൽ ഏഴു ലക്ഷം അംഗങ്ങൾ ഉള്ളതായി കാണുന്നു. ഇവർ ചെയ്യുന്ന വേലകൾ ശ്രവിക്കുന്ന ആരെയും അത്ഭുതപരതന്ത്രരാക്കുന്നതത്രേ. ആൾകൊണ്ടും ധനംകൊണ്ടും ഈ സഖ്യം കത്തോലിക്കസഭക്കും വേദപ്രചരണത്തിനും വേണ്ടി ചെയ്യുന്ന വേലകൾ നിരവധിയെന്നേ പറയാനുള്ളു. മെക്സിക്കോയിലെ കാലേസിനു ഈ അൽമേനിപ്രേഷകരുടെ ശ്രമങ്ങൾ ഭീതിജനകമായിത്തീൎന്നിട്ടുണ്ട്.

അമ്മേരിക്കയിൽ ന്യൂയോർക്ക് സംസ്ഥാനത്തിന്റെ ഗവൎണ്ണരായ അൽപ്രഡ് സ്മിത്ത് 1873-ൽ ജാതനായ ഒരു കത്തോലിക്കനാണ്. 13വയസ്സിൽ പിതാവ് കാലഗതിയെ പ്രാപിക്കയിൽ തെരുവീഥികളിൽ നടന്നു പത്രങ്ങൾ വിററുകൊണ്ടും മററുമത്രേ സ്വമാതാവിനേയും സഹോദരിയേയും അദ്ദേഹം രക്ഷിച്ചുപോന്നതു്. 1895മുതൽ ഒരു രായസവേലക്കാരനായി ജോലി തുടങ്ങി. അനന്തരം നിയമനിൎമ്മാണസഭാംഗമായി. സ്വകക്ഷിനേതാവായി. നിയമനിൎമ്മാണസഭാദ്ധ്യക്ഷനായി, ഒടുവിൽ സംസ്ഥാനഗവൎണ്ണരായിത്തീരുകയും ചെയ്തു. മൂന്നു പ്രാവശ്യം ഈ മഹൽസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഇപ്പോൾ ഐക്യ സംസ്ഥാനത്തിന്റെ പ്രസിഡണ്ടാകുവാനുള്ള അടുത്ത സ്ഥാനാൎത്ഥികളിൽ ഒരുവനാണ് ഇദ്ദേഹം. അൽമായപ്രേഷകത്വത്തിനു ഒരു ആദൎശമായ ഈ ദേഹം തന്റെ കത്തോലിക്കവും നിൎമ്മലവുമായ ജീവിതത്താൽ ഐക്യസംസ്ഥാനത്തിൽ കത്തോലിക്കൎക്കു ഒരു ദീപസ്തംഭംപോലെ പ്രശോഭിക്കുന്നു.

ഇതുപോലെയുള്ള അൽമായപ്രേഷകന്മാരാണ് ഇന്നു കത്തോലിക്കാസഭക്കു ആവശ്യമായിട്ടുള്ളതു്. ദൃഷ്ടാന്തത്താലും, പ്രാൎത്ഥനയാലും, ധനസഹായത്താലും വേദപ്രചാരവിഷയത്തിൽ ശ്രമിക്കുന്നതിനുള്ള ഉത്സാഹം അൽമേനികളിൽ വൎദ്ധിച്ചുവരുന്നപക്ഷം കേരളീയകത്തോലിക്കസഭ അചിരേണ ആശാസ്യമായ ഒരു നിലയെ പ്രാപിക്കുന്നതാണ്.

## ക്രിസ്തുമതപ്രചാരം.

(ശ്രീമാൻ കെ. സി. വക്കി ബി. എ. എൽ. ററി.)

ഏഷ്യാഭൂഖണ്ഡത്തിന്റെ തെക്കുപടിഞ്ഞാറെ അററത്താണല്ലോ ക്രിസ്തുമതത്തിന്റെ ആദ്യബീജാവാപമുണ്ടായതു്. അവിടെ നിന്ന് അതു് ക്രമേണ പ്രചരിച്ച് അറിയപ്പെട്ടിട്ടുള്ള എല്ലാ ഭൂഖണ്ഡങ്ങളിലും ഇപ്പോൾ ചെന്നുപററിയിട്ടുണ്ട്. ഈ പ്രചാരത്തിന്റെ ഗതി ഏതുക്രമത്തിലായിരുന്നെന്നും ഓരോ പ്രധാന ഭൂവിഭാഗങ്ങളിൽ ക്രിസ്തുമതം പ്രവേശിക്കാനിടയായതു് ഏതുകാലത്തായിരുന്നെന്നും ഉള്ള ചരിത്രം സംക്ഷേപിച്ചുപറയാം.

നമ്മുടെ ദിവ്യ മതസ്ഥാപകനായ ക്രിസ്തു നാഥന്റെ പരസ്യജീവിതം മൂന്നു സംവത്സരകാലത്തോളമായിരുന്നല്ലോ. അതു് തന്റെ കുരിശുമരണത്തോടുകൂടി ക്രിസ്തുവൎഷം മുപ്പത്തുമൂന്നിൽ അവസാനിച്ചു. ഏതാനും മാസങ്ങൾ കഴിഞ്ഞ് റൂഹാദക്കുദശായുടെ ആഗമനമുണ്ടായപ്പോൾ ക്രിസ്തുവിന്റെ അനുഗാമികളായി തന്റെ പതിനൊന്നു അപ്പസ്തോലന്മാരും, സ്ത്രീപുരുഷന്മാരുൾപ്പെടെ നൂററിരുപതോളം വരുന്ന ഒരു ശിഷ്യഗണവും ഉണ്ടായിരുന്നു. വി. പത്രോസ് ഓർശ്ലേമിൽ ചെയ്ത ആദ്യപ്രസംഗത്തിന്റെ ഫലമായി

മൂവായിരത്തോളം ആളുകൾ മാനസാന്തരപ്പെട്ടു. ഇവരിൽ വളരെപ്പേർ ഓർശലേമിനു പുറത്തുള്ളവരായിരുന്നു. അവർ തങ്ങൾ കേട്ട സുവിശേഷം മറ്റു യൂദസമൂഹങ്ങളിലേക്കും പ്രചരിപ്പിച്ചു. ഈയവസരത്തിൽ പീലിപ്പോസ് സമറിയായിൽ പ്രേഷകവൃത്തി ചെയ്തുകൊണ്ടിരുന്നു. അനന്തരം ഗ്ലീലായിലും വേദപ്രസംഗം ചെയ്യുകയുണ്ടായി. താമസംവിനാ സത്യവിശ്വാസം, ദമാസ്കസ്, അന്ത്യോഖ്യ, ഈ സ്ഥലങ്ങളിലേക്കു വ്യാപിച്ചു. അന്ത്യോഖ്യായിലാണല്ലോ ക്രിസ്തുവേദാനുഗാമികൾക്കു ക്രിസ്ത്യാനികൾ എന്ന നാമം ആദ്യമായി സിദ്ധിച്ചതു്.

ക്രിസ്തുമതം പലസ്തീനായിലോ യൂദന്മാരുടെ ഇടയിലോ മാത്രം അല്ലായിരുന്നല്ലോ പ്രചരിപ്പിക്കപ്പെടേണ്ടതു്. പുറജാതിക്കാരോടും ലോകത്തിന്റെ നാനാഭാഗങ്ങളിലും അതു് പ്രസംഗിക്കപ്പെടണമെന്നായിരുന്നു ദിവ്യാജ്ഞ. അതിനാൽ പ്രേഷകന്മാർ പലസ്തീനായിക്കു പുറത്തിറങ്ങിയും പരിശ്രമം തുടങ്ങി. ആദ്യം റോമ്മാസാമ്രാജ്യത്തിന്റെ ഓരോ ഭാഗങ്ങളിലേക്കായിരുന്നു വേദപ്രചരണം നടത്തിയതു്. അപ്പസ്തോലന്മാരുടെ കാലത്തെ റോമ്മാസാമ്രാജ്യത്തിൽ പല രാജ്യങ്ങളും ഉൾപ്പെട്ടിരുന്നു. ഏഷ്യയുടെ തെക്കുപടിഞ്ഞാറുള്ള ഏഷ്യാമൈനർ, സിറിയാ, അറേബ്യായുടെ ചില ഭാഗങ്ങൾ, അർമ്മീനിയാ, മെസൊപ്പോത്തേമിയാ, അസ്സീറിയാ, ബാബിലോണിയാ ഈ രാജ്യങ്ങളും; യൂറോപ്പിൽ കിഴക്കു തെക്കുള്ള തുർക്കി രാജ്യം, ഗ്രീസ്, ബാൾക്കാൻ സംസ്ഥാനങ്ങൾ, ആസ്ത്രിയായുടെ തെക്കേഭാഗം; പടിഞ്ഞാറെ ജർമ്മനി, സ്വിററ്സർലാണ്ടു്, ബൽജിയം, പ്രാൻസു്, സ്പെയിൻ, പോർട്ടുഗൽ, ഇംഗ്ലണ്ടു്. വെയിൽസ്, ഇററലി, സിസിലി, കോഷ്സിക്കാ, സർഡീനിയാ ഈ രാജ്യങ്ങളും ആഫ്രിക്കായിൽ വടക്കേതീരത്തോടടുത്തുള്ള മൊറോക്കോ, അൽജീറിയാ, ട്യൂണിസ്, ത്രിപ്പോലി, ഈജിപ്പു്, ഈ രാജ്യങ്ങളും റോമ്മാസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നവയായിരുന്നു. ഈ പ്രദേശങ്ങളിലേക്കു ക്രിസ്തുമതം ചെന്നുപററുന്നതിനു് ആദ്യത്തെ മൂന്നുനാലു ശതവർഷങ്ങൾ വേണ്ടിവന്നു. പലയിടങ്ങളിലും അപ്പസ്തോലന്മാർ തന്നെയാണു് അടിസ്ഥാനമിട്ടതു്. ആദ്യം മാനസാന്തരപ്പെട്ടവരിൽ അധികവും യൂദന്മാരായിരുന്നു. പിന്നീടു യൂദസമൂഹം ശത്രുപക്ഷക്കാരാകയും ക്രിസ്തുമതാവലംബകളായ പുറജാതിക്കാരുടെ സംഖ്യ വർദ്ധിച്ചുവരികയും ചെയ്തു. പ്രാദേശിക ചരിത്രലക്ഷ്യങ്ങൾ നോക്കുന്നതായാൽ റോമ്മാസാമ്രാജ്യസീമ കടന്നു അപ്പസ്തോലന്മാർ വേദപ്രസംഗം ചെയ്തിരുന്നതായി കാണാം. ആദ്യശതാബ്ദത്തിന്റെ മദ്ധ്യഭാഗത്തു മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ വന്നുവെന്നും ഇവിടെ ഏഴു പ്രധാനപ്പെട്ട ദേവാലയങ്ങൾ സ്ഥാപിക്കയും പല അത്ഭുതങ്ങൾ പ്രവർത്തിക്കയും ചെയ്തു എന്നുമുള്ളതു് നമുക്കെല്ലാവർക്കും അറിയാവുന്ന ചരിത്രമാണല്ലോ.

പുതിയനിയമത്തിലെ ചരിത്രരേഖകൾ ക്രിസ്തുവർഷം 64 വരെയുള്ളൂ. അനന്തരം സഭാപിതാക്കന്മാരുടെയും മറ്റു ചരിത്രകാരന്മാരുടെയും തെളിവുകളാണു് നമുക്കുള്ളതു്. ഇവയിൽനിന്നു് കോൺസ്റ്റന്റീനോസ് എന്ന ആദ്യ ക്രിസ്തീയ ചക്രവർത്തിയുടെ കാലമായപ്പോഴേക്കു (ക്രി. വ. 314) റോമ്മാസാമ്രാജ്യത്തിലെ എല്ലാ പ്രധാന നഗരങ്ങളിലും വൈദികന്മാരും വൈദികമേലദ്ധ്യക്ഷന്മാരും ഉൾപ്പെട്ട ശരിയായ ക്രിസ്തീയസമൂഹങ്ങൾ സ്ഥാപിതമായിരുന്നെന്നു് ഊഹിക്കാവുന്നതാണു്. എന്നാൽ സാമ്രാജ്യത്തിലെ എല്ലാ ജനങ്ങളും ക്രിസ്തുമതം സ്വീകരിച്ചിരുന്നു എന്നു അനുമാനിച്ചുകൂടാ. ഉദ്ദേശം പതിനഞ്ചിൽ ഒന്നോ പത്തിൽ ഒന്നോ ജനങ്ങൾ മാത്രമേ ക്രിസ്ത്യാനികളായിരുന്നുള്ളൂ എന്നാണു് പരിഗണിക്കപ്പെട്ടിരിക്കുന്നതു്. ആദ്യത്തെ മൂന്നു നൂററാണ്ടുകളിലെ കുപ്രസിദ്ധവും തീവ്രവുമായ മതപീഡനകളെപ്പററി ചിന്തിക്കുന്നതായാൽ ക്രിസ്തുമതം ഇത്രത്തോളം അവിടെ പ്രബലപ്പെട്ടതു് അത്യത്ഭുതമെന്നേ പറയാനുള്ളൂ.

ക്രിസ്തുവർഷം 500 വരെ ഉത്തരയൂറോപ്പിൽ ഒരിടത്തും തന്നെ ക്രിസ്തുനാമം അറിയപ്പെട്ടിരുന്നില്ല. 500-നും 1000-നും ഇടയ്ക്കാണ് അവിടങ്ങളിൽ സുവിശേഷം പ്രസംഗിക്കപ്പെട്ടതു്. ഏററവും ഒടുവിൽ ക്രിസ്തുമതം സ്വീകരിച്ച യൂറോപ്യൻ രാജ്യം പ്രഷ്യാ ആണു്. അതു പതിനഞ്ചാം നൂററാണ്ടിനു അല്പം മുമ്പായിരുന്നുതാനും. കേവലം പുതുക്രൈസ്തവരാജ്യമായിരുന്ന ഈ പ്രഷ്യയിൽ തന്നെയാണു് പ്രൊട്ടസ്റ്റണ്ടു മതപ്രസ്ഥാനം ആരംഭിച്ചതെന്നും ഓർക്കേണ്ടതാണ്. 1500-ൽ ക്രിസ്തുമത പ്രചാരത്തിൻെറ വ്യാപ്തി യൂറോപ്പിൽ എല്ലാ രാജ്യങ്ങളിൽതന്നെയും ആഫ്റിക്കയുടെ വടക്കേത്തീരപ്രദേശത്തും, ഏഷ്യയിൽ മുൻ പ്രസ്താവിച്ചിട്ടുള്ള തെക്കപടിഞ്ഞാറെ ഭാഗങ്ങളിലും ഉണ്ടായിരുന്നതായി കാണാവുന്നതാണ്. അതായതു് ഭൂമുഖത്തിൻെറ ഏകദേശം ഇരുപതിൽ ഒരു ഭാഗത്തു പതിനഞ്ചു ശതാബ്ദങ്ങളിലെ പരിശ്രമഫലമായി ക്രിസ്തുമതത്തിനു പ്രചാരം സിദ്ധിച്ചിരുന്നു. ശേഷിച്ച ഭാഗങ്ങളിൽ എല്ലാം 15-ാം നൂററാണ്ടിനുശേഷമാണ് ക്രിസ്തുമതം പ്രചരിച്ചതു്. ഇൻഡ്യാ, ചൈനാ, ജപ്പാൻ, ഫിലിപ്പെൻസ്, തെക്കെ അമേരിക്കാ, വടക്കേ അമേരിക്കാ മുതലായ രാജ്യങ്ങളിൽ 16-ാം നൂററാണ്ടിലും, ആഫ്റിക്കയിൽ 17-ാം നൂററാണ്ടിലും അസ്ത്രേലിയായിൽ 19-ാം നൂററാണ്ടിലും ആണ് മിഷ്യനറിമാർ പോയി വേദപ്രസംഗം ചെയ്തുതുടങ്ങിയതു്. ഇങ്ങിനെ ഭൂമുഖത്തിൻെറ വിജ്ഞാതമായ എല്ലാ വിഭാഗങ്ങളിലും തന്നെ ഇപ്പോൾ ക്രിസ്തുമതം പ്രചാരം ചെയ്തിട്ടുണ്ടു്. ഏററവും ഒടുവിൽ ക്രിസ്തുമതം സ്വീകരിച്ച ഭൂഖണ്ഡം അസ്ത്രേല്യാ ആണെന്നു സ്പഷ്ടമാണല്ലോ.

---

## നരകത്തിൽ ദൈവത്തെ സ്നേഹിപ്പാൻ

വി. കൊച്ചുത്രേസ്യാപുണ്യവതി എഴുതിയിരിക്കുന്നതായതു്; ഒരു ദിവസം സന്ധ്യാസമയം, ഞാൻ ഈശോയെ എങ്ങിനെ സ്നേഹിക്കുന്നുവെന്നും സർവ്വലോകത്താലും എല്ലപ്രകാരം സ്നേഹിച്ചു സ്തുതിക്കപ്പെടുവാൻ ആഗ്രഹിക്കുന്നെന്നും പറഞ്ഞറിയിപ്പാൻ തക്ക വാക്കുകൾ കിട്ടാതെ നില്ക്കയിൽ, നരകക്കുഴിയിൽനിന്നും ദൈവസ്നേഹത്തിൻെറ ഒരു പ്രകരണമെങ്കിലും സ്വർഗ്ഗത്തിലേക്കു കയറുന്നില്ലല്ലോ എന്നുള്ള വിചാരം എൻെറ ബോധത്തിൽ അഗാധമായിപ്പതിഞ്ഞു. തന്നിമിത്തം ഞാൻ ക്ലേശപരവശയായിത്തീരുകയും ചെയ്തു. ആ സ്ഥലത്തിൽക്കൂടെയും നിത്യകാലത്തേക്കു ദൈവത്തെ സ്നേഹിക്കുന്നതിനു ആളുകളുണ്ടാകുവാൻവേണ്ടി ദുരിതങ്ങളുടെയും ദൈവദൂഷണങ്ങളുടെയും ആ പാതാളത്തിലേക്കു സ്വമനസ്സാലെ ചാടുവാൻ ഞാൻ സന്നദ്ധയാണെന്നും നിലവിളിച്ചു പറഞ്ഞു.

---

## രജതജൂബിലി ആഘോഷം.

(റവ. ഫാദർ തോമസ് തളിയത്തു.)

എറണാകുളം മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു് പുരോഹിതപ്പട്ടം സ്വീകരിച്ചിട്ടു 25 വർഷം പൂർത്തിയായതു ഇക്കഴിഞ്ഞ ഡിസമ്പർ 21-ാം തിയതി ആയിരുന്നല്ലോ. ആ സുദിനം ഒരു രജതജൂബിലി മഹാമഹമായി അതിരൂപതയിലെ എല്ലാ ഇടവകകളിലും കൊണ്ടാടപ്പെടുകയുണ്ടായി. എ

ന്നാൽ പ്രസ്തുത ആഘോഷം എറണാകുളത്തു ആഘോഷിക്കപ്പെട്ടതു ഡിസംബർ 27-ാം തീയതി ആയിരുന്നു. തലേദിവസം വൈകുന്നേരത്തോടുകൂടി അതിരൂപതയുടെ നാനാഭാഗത്തുനിന്നും ബ. വൈദികർ ഈ ശുഭാവസരം പ്രമാണിച്ചു വന്നുകൂടുവാൻ തുടങ്ങി. 6 മണിയോടുകൂടി കമനീയമായി അലങ്കരിച്ചിരുന്ന അതിമെത്രാസനാരമനയിലെ ഹാളിൽ സജ്ജീകൃതമായ പ്ലാറ്റുഫാറത്തിൽ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു ഉപലവിഷ്ടനായി. പെററി സെമ്മിനാരിക്കാർ തിരുമേനിയെ അനുമോദിച്ചു ഒരു മംഗലപത്രം സമപ്പിക്കുകയും അതിവിശേഷമായ ഒരു ഘടികാരം സമ്മാനിക്കുകയും ചെയ്തു. അനന്തരം അവർ "ഹെമ്മനജിൽഡ്" എന്ന അത്യന്തം ഹൃദയസ്പൃക്കമായ ഒരു ഇംഗ്ലീഷ് നാടകം വളരെ തന്മയത്വത്തോടും സാമത്ഥ്യത്തോടുംകൂടി അഭിനയിച്ചു.



27-ാനു- പ്രഭാതമായപ്പോൾ ഇരുപത്തഞ്ചു ആചാരവെടികളും മെത്രാപ്പോലീത്തൻ പള്ളിയിലെ മണിനാദവും ജൂബിലി സുദിനത്തിന്റെ ആഗമനത്തെ വിളിച്ചറിയിച്ചു. 7ൽ മണിക്കു മെത്രാപ്പോലീത്ത തിരുമേനി ഒരു ഘോഷയാത്രയായി മെത്രാപ്പോലീത്തൻപള്ളിയിലേക്കു എഴുന്നെള്ളി പൊന്തിഫിക്കാൽ കുർബാന സമപ്പിച്ചു. അനന്തരം റവ. ഫാദർജോസഫ് പഞ്ഞിക്കാരൻ എം. എ. പി. എച്ച്ഡി. ഡി. ഡി. ഡീ. സി. എൽ. അവർകൾ പുരോഹിതപ്പട്ടത്തിന്റെ മാഹാത്മ്യത്തെ വിവരിച്ചും മെത്രാപ്പോലീത്താച്ചൻ തിരുമേനിയെ അനുമോദിച്ചുംമററും സ്വതസിദ്ധമായ വാക്ധാടിയോടുകൂടി പ്രൗഢഗംഭീരമായ ഒരു പ്രസംഗം ചെയ്തു. അതിനെ തുടൎന്നു 'ലാക്അലാഹാ' എന്ന സ്തോത്രഗീതവും വി. കുർബാനയുടെ വാഴ്വും നടന്നു. ഒടുവിൽ ജൂബിലി പ്രമാണിച്ചു പരിശുദ്ധ പിതാവിൽനിന്നും കിട്ടിയ പ്രത്യേകാനുവാദപ്രകാരം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു പൂണ്ണദണ്ഡവിമോചനമുള്ള മാപ്പാപ്പായുടെ വാഴ്‌വു എല്ലാവക്കും നൽകുകയും അതോടുകൂടി പള്ളിയിലെ തിരുക്കമ്മങ്ങൾ അവസാനിക്കുകയും ചെയ്തു.

പിന്നീടു നടന്നതു മെത്രാപ്പോലീത്തൻ പള്ളിയുടെ മുൻവശത്തുള്ള മൈതാനത്തിന്റെ മദ്ധ്യത്തിൽ സ്ഥാപിക്കാൻ നിശ്ചയിച്ചിട്ടുള്ള ജൂബിലി സ്മാരകത്തിന്റെ ശിലാസ്ഥാപന കമ്മമാണ്. തിരുമനസ്സുകൊണ്ടു പള്ളിയിൽനിന്നും ഘോഷയാത്രയായി ടി സ്ഥലത്തു ഒരുക്കിയിരുന്ന പന്തലിലേക്കു എഴുന്നള്ളി 100-ൽ പരം വൈദികരുടേയും അസംഖ്യം അൽമേനികളുടെയും സാന്നിദ്ധ്യത്തിൽ സ്മാരകത്തിനു കല്ലിട്ടു.

അനന്തരം തിരുമനസ്സുകൊണ്ടു ഒരു ചെറിയ പ്രസംഗം ചെയ്തു. മാർ തോമ്മാ ശ്ലീഹാ നമ്മുടെ കത്താവിന്റെ തിരുഹൃദയത്തിലെ മുറിവു തൊട്ടുന്നതായി രണ്ടു തിരുസ്വരൂപങ്ങളാണു അവിടെ സ്ഥാപിക്കാൻ പോകുന്നതെന്നും, ഇൻഡ്യയിൽ, വിശിഷ്യാ കേരളത്തിൽ ആദ്യമായി സുവിശേഷം അറിയിച്ച മാർ തോമ്മാ ശ്ലീഹായുടെ സ്വരൂപം വേദപ്രചാരവേലയെക്കുറിച്ചുള്ള ചിന്ത നമ്മിൽ ഉളവാക്കാൻ സഹായിക്കുമെന്നും, ആ ശ്ലീഹാ സുവിശേഷം അറിയിച്ചിട്ടു രണ്ടായിരം കൊല്ലത്തോളം ആയി എങ്കിലും ഇൻഡ്യയിൽ കത്തോലിക്കരുടെ സംഖ്യ 100-ക്കു ഒന്നുവീതമെ ഉള്ളു എന്നും, ശോചനീയമായ ആ അവസ്ഥക്കു അന്തരം വരുത്തി

പ്രാൎത്ഥനയാലും ധനസഹായം ചെയ്തും സ്വപ്രയത്നംകൊണ്ടു അക്രൈസ്തവരേയും അകത്തോലിക്കരേയും മ്ശിഹായുടെ തൊഴുത്തിലേക്കു ആനയിക്കുന്നതിനു എല്ലാവരും ശ്രമിക്കേണ്ടതാണെന്നും, മാർ തോമ്മാശ്ലീഹാ മ്ശിഹായ്ക്കുവേണ്ടി അനേക കഷ്ടനഷ്ടങ്ങൾ സഹിച്ചു സ്വജീവൻ ബലികഴിച്ചതുപോലെ നമ്മളും മ്ശിഹായുടെ രാജ്യം പരത്തുന്നതിനു എന്തു ബുദ്ധിമുട്ടുകളും സഹിപ്പാൻ ഒരുക്കമുള്ളവരായിരിക്കേണമെന്നുംമററും തിരുമനസ്സുകൊണ്ടു ആ പ്രസംഗത്തിൽ പ്രസ്താവിച്ചു.

ശിലാസ്ഥാപനകൎമ്മംകഴിഞ്ഞു അരമനയിലേക്കു മടങ്ങിയശേഷം മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടും കൂടിയിരുന്ന എല്ലാ ബ. അച്ചന്മാരും ബ. ശെമ്മാശ്ശന്മാരും ഉൾപ്പെട്ട ഒരു ഗ്രൂപ്പുഫോട്ടോ എടുക്കുകയുണ്ടായി. വൈദികരുടെ കൂട്ടത്തിൽ കല്ലൂട്ടാം അതിരൂപതയിലെ വികാരി ജനറാൾ റൈററു റവ. മൊൺസിഞ്ഞോർ ജേ. ഫർണാണ്ടസ്സിൻെറയും തൃശ്ശിനാപ്പള്ളി സെൻറ ജോസഫസ് കോളേജിലെ പ്രകൃതിശാസ്ത്രപണ്ഡിതനായ റവ. ഫാദർ ഒന്നോരെ എസ്. ജെ.യുടെയും, സുറിയാനി കൎമ്മലീത്ത സഭയുടെ പ്രിയോർ ജനറാൾ വന്ദ്യ. ദി ശ്രീ. ജാൺ ബക്മാൻസ് അച്ചൻെറയും പേരുകൾ പ്രത്യേകം പ്രസ്താവ്യയോഗ്യങ്ങളാണ്. ഇതിനെ തുടൎന്നു മംഗളപത്രസമൎപ്പണം നടന്നു. ആഗതരായ വൈദികരും അൽമേനികളും അരമനയിലെ ഹാളിൽ യഥാസ്ഥാനങ്ങളെ സ്വീകരിച്ചതോടുകൂടി മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു പ്ലാററുഫാറത്തെ ഉപവേശിച്ചു. വി. ജനറാൾ റൈററു റവ. മോൺസി. തോമസ് നെടുങ്കല്ലേൽ അതിരൂപതയിലെ വൈദികരുടെയും അൽമേനികളുടെയും നാമത്തിൽ മെത്രാപ്പോലീത്താച്ചൻ തിരുമേനിയെ അനുമോദിച്ചു ഒരു മംഗളപത്രം വായിച്ചു സമൎപ്പിച്ചു. അനന്തരം പുത്തൻപള്ളി സെമ്മിനാരി വിദ്യാൎത്ഥികളുടെ പേൎക്കു ബ. പുതുശ്ശേരി വറുഗീസ് ശെമ്മാശൻ (എം. എ. ഓണേഴ്സ്) ഇംഗ്ലീഷിൽ ഒരു വാചാപ്രസംഗത്താൽ തിരുമേനിക്കു മംഗളം ആശംസിച്ചു. ഇവക്കു തിരുമനസ്സുകൊണ്ടു സമുചിതമായ മറുപടി നൽകി. തൻെറ പൗരോഹിത്യപട്ടാഭിഷേകത്തിൻെറ 25-ാമത്തെ വത്സരം പൂൎത്തിയാകുന്ന ഈ അവസരംപ്രമാണിച്ചു നടത്തപ്പെടുന്ന ഈ ആഘോഷങ്ങളെല്ലാം കുർബാനപ്പട്ടമേററിട്ടു 25 വത്സരം കഴിഞ്ഞിട്ടുള്ള ഈ അതിരൂപതയിലെ എല്ലാ ബ. വൈദികരുടെയും രജതജൂബിലി ആഘോഷമായി താൻ പരിഗണിക്കുന്നു എന്നും തനിക്കു സമൎപ്പിച്ച മംഗളപത്രങ്ങൾക്കുംമററും ഹൃദയപൂൎവ്വം നന്ദി പറയുന്നു എന്നും രൂപതാഭരണം സംബന്ധിച്ചു ഗണ്യമായി താൻ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതു വൈദികരുടേയും അൽമേനികളുടെയും ഹാൎദ്ദവമായ സഹകരണത്തിൻെറ ഫലമാണെന്നും മേലും ആ സഹകരണം കൂടുതലായിട്ടുണ്ടായിരിക്കണമെന്നു താൻ ആഗ്രഹിക്കുന്നു എന്നും മററുമുള്ള സംഗതികൾ അടങ്ങിയിരുന്ന ആ മറുപടിപ്രസംഗം സന്ദൎഭോചിതവും സാരഗൎഭവുമായിരുന്നു എന്നു ചുരുക്കി പറഞ്ഞുകൊള്ളുന്നു.

അനന്തരം ഉച്ചഭക്ഷണമായി. ഉച്ചതിരിഞ്ഞു മൂന്നുമണിക്കു ആലുവാ സെൻറു മേരീസ് ഹൈസ്കൂൾകാർ, മംഗലാപുരം സെമ്മിനാരിയിൽ പഠിക്കുന്ന ഈ അതിരൂപതയിലെ ബ. ശെമ്മാശ്ശന്മാർ, ചെമ്പു ഇടവകക്കാർ, ഈ അതിരൂപതയിലെ അനാഥശാലക്കാർ, സ്ഥലം സുറിയാനി കൎമ്മലീത്താമഠംവക സ്കൂൾകാർ, മെത്രാപ്പോലീത്തൻ പള്ളിവക സെൻറ് അഗസ്റ്റീൻ സ്കൂൾകാർ, ഇവരുടെയും വിശിഷ്യ ഈ അതിരൂപതയിലെ സകല കന്യകാമഠക്കാരുടെയും വകയായി മംഗളപത്രസമൎപ്പണം സമ്മാനദാനം, എന്ന ചടങ്ങുകൾ നിൎവ്വഹിക്കപ്പെട്ടു. ഇവരെല്ലാം നന്ദിപറഞ്ഞും യഥോചിതം ഉപദേശങ്ങൾ നൽകിയും മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു മറുപടിപ്രസംഗം ചെയ്തു. അതുകഴിഞ്ഞു 4 മണിയോടുകൂടി, സന്നിഹിതരായിരുന്ന ബ. വൈദികൎക്കും വിശിഷ്യ സ്ഥലത്തെ കത്തോ

ലികരായ വക്കീലന്മാർ, ഉദ്യോഗസ്ഥന്മാർ, ഡാക്ടർമാർ, പൌരപ്രമാണികൾ മുതലായ മാന്യന്മാർക്കും ഒരു രാജയില സൽക്കാരം നൽകി. അതോടുകൂടി ജൂബിലി സംബന്ധമായ ആഘോഷങ്ങൾ അവസാനിക്കുകയും ചെയ്തു. ഉച്ചഭക്ഷണസമയത്തും രാത്രിയിലെ സൽക്കാരനേരത്തും അവയിൽ സംബന്ധിച്ചിരുന്ന ഓരോരുത്തർക്കും മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു ജൂബിലിസ്മാരകമായി പ്രത്യേകം അടിച്ചു തയാറാക്കിയിരുന്ന അവിടത്തെ ഛായാപടവും മററും സമ്മാനിക്കയുണ്ടായി എന്നുള്ളതു പ്രത്യേകം പ്രസ്താവ്യയോഗ്യം തന്നെ.

---

## സഹോദരസ്നേഹത്തിന്റെ ആധിക്യം.

വി. കത്രീന ദെരിച്ചി എന്ന പുണ്യവതി ശുദ്ധീകരാത്മാക്കളോടുനേരെ അത്യന്തം അനുകമ്പയുള്ളവളായിരുന്നു. പുണ്യവതിയുടെ പ്രാർത്ഥനയാൽ മാനസാന്തരപ്പെട്ട ഒരു ധനവാൻ ശുദ്ധീകരാഗ്നിയിൽ ദുരിതപ്പെടുന്നതായി ദൈവ വെളിപാടാൽ പുണ്യവതി അറിഞ്ഞു. അപ്പോൾ ആ ആത്മാവു സഹിക്കുന്ന പീഡകൾ താൻതന്നെ സഹിപ്പാൻ അനുവദിക്കണമെന്നു പുണ്യവതി കർത്താവിനോടു അപേക്ഷിച്ചു. ആ ആത്മാവു തൽക്ഷണം രക്ഷ പ്രാപിക്കയും പുണ്യവതി നാല്പതുദിവസത്തേക്കു അവർണ്ണനീയമായ മരണവേദനകൾ അനുഭവിക്കയും ചെയ്തു. അവളുടെ മുറിയിൽ അഗ്നിപ്രവാഹമുണ്ടായിട്ടെന്ന വിധത്തിൽ ദേഹത്തിൽ നിന്നു ചൂടു പുറപ്പെട്ടുകൊണ്ടിരുന്നു. പുണ്യവതിയുടെ മാംസം വറുത്തു പൊരിച്ചതുപോലെയും നാവു ചുട്ടു പഴുത്ത ഇരുമ്പുപോലെയും കാണപ്പെട്ടു. എന്നാൽ ഈ പീഡാനുഭവത്തിലെല്ലാം പുണ്യപ്പെട്ടവൾ പൂർണ്ണസമാധാനം പ്രദർശിപ്പിച്ചിരുന്നുവെന്നു മാത്രമല്ല, ശുദ്ധീകരാത്മാക്കൾക്കു വേണ്ടി ഇതിലും വലിയ ദുരിതങ്ങൾ സഹിക്കുന്നതിനും താൻ തയാറാണെന്നു പറകയും ചെയ്തിരുന്നു.

---

## തിരുഹൃദയ ഭക്തന്മാർ ഫൻവറ കുംഭമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

### വി. ലൂയിസ് ഗോൺസാഗായുടെ ജൂബിലി.

വി. ലൂയീസ് പുണ്യവാനെ പരിശുദ്ധനെന്നു നാമകരണം ചെയ്തതിന്റെ രണ്ടാംനൂററാണ്ടു നാം ഇപ്പോൾ കൊണ്ടാടിവരികയാണല്ലോ. യുവാക്കന്മാരുടെ മാതൃകയായ ഈ പരിശുദ്ധയുവാവിന്റെ സുകൃത ദൃഷ്ടാന്തം അനേകം യുവാക്കന്മാരെ പരിപൂർണ്ണരായി ജീവിക്കുന്നതിനു പ്രേരിപ്പിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ലാ. കത്തോലിക്കാ ലോകമൊട്ടുക്കുള്ള യുവാക്കന്മാർ ഈ പരിശുദ്ധന്റെ നല്ല ദൃഷ്ടാന്തം പൂർവ്വാധികം കണ്ടു പഠിക്കയും അതുവഴിയായി യഥാർത്ഥക്രിസ്ത്യജീവിതം നയിപ്പാൻ ഇടയാകയും ചെയ്യണമെന്നാണ് നമ്മുടെ പരിശുദ്ധപിതാവു പതിനൊന്നാം പീയോസ് മാർപ്പാപ്പാ തിരുമനസ്സിലെ ആഗ്രഹം.

വി. ലൂയിസിന്റെ ജീവിതരീതി ഇക്കാലത്തെ യുവാക്കന്മാർക്കു സർവ്വപ്രകാരേണയും അനുകരണീയമാണ്. ഈ

ഇരുപതാംനൂററാണ്ടിൽ നമ്മുടെ യുവജനന്മാരെ ചുററിയിരിക്കുന്നതുപോലെയുള്ള ആപത്തുകളുടെ ഇടയിൽ ജനിച്ചു വളർന്നിട്ടും കുററമില്ലാത്ത ജീവിതം കഴിച്ചു് മരിച്ചു ജ്ഞാനസ്നാനത്തിൽ ലഭിച്ച കുററമില്ലായ്മ എന്ന സൈത്തുകൊമ്പു നഷ്ടപ്പെടുത്താതെ സന്യാസ അന്തസ്സു എന്ന പെട്ടകത്തിലേക്കു പറന്നുപോയ ഈ മാടപ്രാവു എല്ലാവക യുവാക്കന്മാർക്കും അനുകരണീയനാണു്. വി. ലൂയീസിൽ പ്രധാനമായി പ്രശോഭിച്ച പുണ്യം എന്തായിരുന്നു എന്നു തീർച്ച പറയുക കുറെ വൈഷമ്യമുള്ള കാര്യമാണു്. എല്ലാ പുണ്യങ്ങളും ആ വിശുദ്ധ ബാലനിൽ പ്രശോഭിച്ചിരുന്നു. എന്നാൽ ഈ പുണ്യങ്ങളെയെല്ലാം നിയന്ത്രിച്ചു ശരിയാക്കിയിരുന്നതു അദ്ദേഹത്തിന്റെ സ്ഥിരപ്രതിജ്ഞ ആയിരുന്നു എന്നു പറയാം. ഉല്ലാസത്തിലും സന്തോഷങ്ങളിലും ആസക്തി ഈ യുവാവിനും ഉണ്ടായിരുന്നു. എന്നാൽ മോക്ഷപ്രാപ്തിക്കു ഇതുകൾ തടസ്സമായേക്കാമെന്നു കണ്ടതിനോടെ സധൈര്യം അതുകളെയെല്ലാം ഇദ്ദേഹം ഉപേക്ഷിക്കയാണു ചെയ്തതു്. പ്രാർത്ഥന അത്യന്തം ഉപകാരപ്രദമാണെന്നു മനസ്സിലായശേഷം ആറേഴുമണിക്കൂറുനേരം സ്ഥിരോത്സാഹത്തോടെ നിരന്തരമായി പ്രാർത്ഥിച്ചിരുന്ന ഈ യുവാവിന്റെ സ്ഥിരപ്രതിജ്ഞ ആരേയാണു് വിസ്മയഭരിതരാക്കാത്തതു്. വി. ലൂയീസ് ഒരു രാജകുമാരനായിരുന്നു. രാജ്യഭാരം നിത്യഭാഗ്യലബ്ധിക്കു തടസ്സമായേക്കാമെന്നു അദ്ദേഹത്തിനു ശങ്ക ജനിച്ചു. നിത്യഭാഗ്യലബ്ധി സംശയമില്ലാത്ത നിലയിലാക്കുന്നതിനുവേണ്ടി തന്റെ അവകാശം അദ്ദേഹം വിട്ടുകൊടുത്തു് ജസ്വിററു സഭയിൽ പ്രവേശിക്കുന്നതിനു തീർച്ചയാക്കി. സ്വപിതാവിന്റെയും മററു ചാർച്ചക്കാരുടെയും തടസ്സങ്ങൾ ഗണ്യമാക്കാതെ സ്ഥിരപ്രതിജ്ഞയോടെ പ്രവർത്തിച്ചിരുന്ന ഈ യുവാവിന്റെ ദൃഷ്ടാന്തം കണ്ടുപഠിക്കുന്തോറും സുഖഭോഗാദികളിൽ ക്രമവിരുദ്ധമായി ശ്രദ്ധ പതിക്കുന്ന നമ്മുടെ ആധുനികയുവാക്കന്മാർ തങ്ങളുടെ തെററു ഗ്രഹിക്കുന്നതിനും അതിന്റെ ഫലമായി ജീവിതനവീകരണത്തിനു ഉദ്യമിക്കുന്നതിനും ഇടവരുമെന്നു കണ്ടിട്ടാണു വി. ലൂയീസിന്റെ ജീവിതരീതി നമ്മുടെ യുവാക്കന്മാർ അധികമധികം പഠിച്ചറിയണമെന്നു പരിശുദ്ധ പിതാവാഗ്രഹിക്കുന്നതു്. ആകയാൽ ഈ കാര്യസാദ്ധ്യത്തിനായി തിരുഹൃദയഭക്തന്മാർ ഈമാസം മുഴുവനും അപേക്ഷിക്കേണ്ടതാകുന്നു.



മീനമാസം— നഗരവാസികളുടെ സുകൃതാഭിവൃദ്ധി.

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു്.

### I. വി. ലൂയിസ് ഗൊൺസാഗാ.

### 2 വി. ലൂയീസിന്റെ ബാല്യകാലം.

പ്രി. കുഞ്ഞുങ്ങളെ,

ഇററലിരാജ്യത്തിൽ കസ്റ്റീലിയോൻ എന്ന പ്രദേശത്തെ ഭരിച്ചുകൊണ്ടിരുന്ന ഒരു പുരാതന രാജവംശമാണു് ഗോൺസാഗാ കുടുംബം. പതിനാറാംശതാബ്ദത്തിന്റെ മദ്ധ്യത്തിൽ ജീവിച്ചിരുന്ന ഫെർഡിനാണ്ടുഗോൺസാഗാ എന്ന ദേഹം സ്പെയിൻകാരി

യായ ഡോനമത്താ എന്ന പ്രഭ്വിയെ വിവാഹം കഴിച്ചു. അനേകപ്രാൎത്ഥനകളുടെ ഫലമായി ൧൫൬൮ മാൎച്ച് മാസം ൯-ാംനു- ഭൂജാതനായ അവരുടെ കടിഞ്ഞൂൽ പുത്രനാണു വി. ലൂയീസ് ഗൊൺസാഗാ. സുകൃതവതിയായ മാതാ ചെറുപ്പത്തിൽതന്നെ തന്റെ പുത്രനു കുരിശുവരപ്പാനും ഈശോമറിയം എന്ന തിരുനാമങ്ങൾ ചൊല്ലുവാനും പഠിപ്പിച്ചു. ലൂയീസ് ആദ്യമായി ഉച്ചരിച്ച വാക്കുകൾ ഈ തിരുനാമങ്ങൾ തന്നെയായിരുന്നു. ഭക്തയായ മാതാവിനോടൊന്നിച്ചുള്ള വളൎത്തൽകൊണ്ടു ബാലകനു ഭക്തിമയം അധികമായിപ്പോകുന്നെന്നു ഭയന്നു യുദ്ധവീരനായ ഫെർഡിനാണ്ടു മകനെ സൈന്യങ്ങളോടൊന്നിച്ചു പലപ്പോഴും കൊണ്ടുപോയിരുന്നു. ധീരതയും തനിക്കു കുറവല്ലെന്നു നാലുവയസ്സായിരുന്ന നമ്മുടെ ബാലൻ അപ്പോൾ പ്രത്യക്ഷപ്പെടുത്തി. പൂൎണ്ണമായ പട്ടാളഉടുപ്പുകളും ധരിച്ചു കമ്പാത്തിനിറങ്ങുന്നതിനുപോലും ലൂവീസു മടിച്ചില്ല. ഒരിക്കൽ ഒരു തോക്കുനിറച്ചു വെടിവച്ച അവസരത്തിൽ പ്രത്യേക ദൈവാധീനത്താലല്ലെങ്കിൽ വലിയ അപകടം നേരിട്ടേനേ. അതിന്റെ ശേഷം വെടിമരുന്നു തൊട്ടുപോകരുതെന്നും പിതാവു കല്പനകൊടുത്തു. എങ്കിലും ബാലചാപല്യങ്ങൾ ലൂവീസിനും കുറവല്ലായിരുന്നു. ഒരു ദിവസം പകൽ സമയം പടയാളികളെല്ലാവരും ഉറങ്ങുന്ന തരം നോക്കി പാളയത്തിൽകടന്നു കുറെ മരുന്നു കൈവശപ്പെടുത്തി. പട്ടാളക്കാരോടുള്ള ഈ സഹവാസത്തിനിടയ്ക്കു് അൎത്ഥമറിയാതെയെങ്കിലും ചില അസഭ്യവാക്കുകൾ പറവാനും വശമായിത്തീൎന്നു. ഈ രണ്ടു കുററങ്ങളെക്കുറിച്ചും പുണ്യവാൻ പിന്നീടു ജീവിതകാലം മുഴുവൻ മനസ്താപപ്പെടുകയുണ്ടായി. സഹവാസംകൊണ്ടു കുഞ്ഞുങ്ങൾ എത്രവേഗം ഭാവം പകരുമെന്നു നല്ലപോലെ നിങ്ങൾ മനസ്സിലാക്കണം. മാലാഖാമാരേപ്പോലെയുള്ള നിൎമ്മല ഹൃദയങ്ങൾ നൊടനേരംകൊണ്ടു പിശാചിന്റെ വേഷംകെട്ടാൻ ഇടയാകുന്നു. ചില മാതാപിതാക്കന്മാർ ഇക്കാൎയ്യം അശേഷം സൂക്ഷിക്കുന്നില്ലെന്നു മാത്രമല്ല, ഫെർഡിനാണ്ടിനെപ്പോലെ അവർതന്നെ പലപ്പോഴും കുഞ്ഞുങ്ങളുടെ നാശത്തിനു കാരണമായിത്തീരുന്നു. ഹാ! പിശാചിന്റെ എന്തൊരു തന്ത്രം!!

## II. ഈ മാസത്തെ മദ്ധ്യസ്ഥ. വി. ബ്രിജിത്താ.

(തിരുനാൾ ഫെബ്രുവരി 27.)

അയർലണ്ടിലെ ഒരു പ്രഭുകുടുംബത്തിലാണ് ക്രിസ്ത്വാബ്ദം അഞ്ചാംനൂററാണ്ടിൽ വി. ബ്രിജീത്താ ജനിച്ചതു്. ചെറുപ്പം മുതൽ ദൈവജനനിയുടെ അത്യന്തഭക്തയായിരുന്നു. ദൈവജനനിയുടെ ഛായ തന്നിൽ പതിക്കുന്നതിനു നിരന്തരമായി ശ്രമിച്ചുവന്നു. അതിലേക്കു ആ അമ്മയുടെ വിനയം പരിശുദ്ധത ദൈവസ്നേഹം ആദിയായ പുണ്യങ്ങളെ ജാഗ്രതയോടുകൂടെ തന്നിൽ വളൎത്തിക്കൊണ്ടുവന്നു. അതിനാൽ അയർലണ്ടിലെ പരിശുദ്ധമറിയം എന്നാണു് ഈ പുണ്യവതിയെ സാധാരണ ജനങ്ങൾ വിളിച്ചുവന്നിരുന്നതു്. അയർലണ്ടിലെ ബാലികമാരിൽ പരിശുദ്ധ ദൈവജനനിയുടെ നേൎക്കുള്ള ഭക്തി പ്രചരിപ്പിക്കുന്നതിനു്, ജീവിതകാലത്തിലും മരണശേഷവും വി. ബ്രിജീത്താ വളരെ സഹായിച്ചിട്ടുണ്ടു്. പാപക്കറകൂടാതെ ഈ അമ്മയുടെ മക്കളായി ജീവിക്കുന്നതിനുള്ള മനോഗുണം നമ്മുടെ മദ്ധ്യസ്ഥയോടു ഈ മാസത്തിൽ പ്രാൎത്ഥിക്കണം.

## III. കെ. സി. സി. എം. ഡയറി.

വാൎഷികയോഗങ്ങളുടെ പല റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ടു്. പ്രധാനമായ ചിലതൊക്കെ ദീപികയിൽ പ്രസിദ്ധപ്പെടുത്തി. ഇക്കൂട്ടത്തിൽ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ തൈക്കാട്ടുശ്ശേരിൽ ന




ടന യോഗവും മററും പ്രത്യേകം പ്രസ്താവാർഹമാണ്. എല്ലാ റിപ്പോർട്ടുകളും പ്രസിദ്ധപ്പെടുത്താൻ സാധിക്കുന്നതല്ലെന്നു പറയേണ്ടതില്ലല്ലൊ. അങ്ങകെപ്പാടെ നമ്മുടെ ബാലികാബാലന്മാരുടെ എല്ലായിടത്തും അഭൂതപൂർവ്വമായ ഒരുണർച്ച ഉണ്ടായിട്ടുണ്ടെന്നുള്ളതു ദൈവാനുഗ്രഹത്തിന്റെ ഒരു ലക്ഷണം തന്നെ.

* * *

കുഞ്ഞുസഭയ്ക്കു ഒരാണ്ടത്തെ വളർച്ച എത്തിയിരിക്കുന്നതിനാൽ യോഗനടപടികളിലും മററും അല്പം കൂടി ശ്രദ്ധ പ്രദർശിപ്പിക്കാൻ ശ്രമിക്കാവുന്നതാണ്. അതിലേയ്ക്കു ഇവിടത്തെ ശാഖാസംഘങ്ങളുടെ നടത്തിപ്പിനെപ്പററി ചുരുക്കമായി അറിയുന്നതു ഉപകരിക്കുമെന്നു കരുതുന്നു.

* * *

ഇവിടെ മൂന്നു ബാലസംഘങ്ങളും ഒരു ബാലികാസംഘവുമേ ഇപ്പോഴുള്ളെങ്കിലും ഞായറാഴ്ചതോറുമുള്ള വേദപാഠക്ലാസ്സു കഴിഞ്ഞു നടത്തപ്പെടുന്ന സാധാരണ യോഗങ്ങൾക്കു നൂറും നൂററമ്പതും വരെ കുട്ടികൾ സംബന്ധിക്കുന്നുണ്ട്. കൊച്ചച്ചനും എല്ലാ യോഗത്തിലും സംബന്ധിക്കുന്നതുകൊണ്ടു എല്ലാ ശാഖകളും ഏകോപിച്ചാണ് എപ്പോഴും യോഗം നടത്തുന്നതു്. ഈശ്വരപ്രാർത്ഥനയുടെ ശേഷം മുട്ടുകുത്തിനിന്നുകൊണ്ടുതന്നെ വാർഷിക യോഗത്തിലെ പ്രാരംഭ കീർത്തനം പാടിയിട്ട് ഹാജർ വിളിക്കുന്നു. അനന്തരം ചുരുങ്ങിയ ഒരുപക്രമ പ്രസംഗശേഷം സെക്രട്ടറി കഴിഞ്ഞ യോഗത്തിലെ മിനിററു വായിക്കുന്നു. അതിനെത്തുടൎന്നു ഏകദേശം പതിനഞ്ചു മിനിററു നേരത്തേയ്ക്കു യോഗത്തിന്റെ നടപടികളിൽപെട്ട ഒരു ചടങ്ങായിട്ടു സംഘാംഗങ്ങളായ മുതിൎന്ന കുട്ടികൾ വേദപഠനം നടത്തുകയാണ് പതിവ്. പഠിച്ചിട്ടുള്ള ചെറിയ കുട്ടികളുടെ വേദപാഠം കേട്ടു പേരെഴുതുക, പഠിച്ചിട്ടില്ലാത്ത

വരെ ചൊല്ലിക്കൊടുത്തു പഠിപ്പിക്കുക എന്നീ ജോലികൾ അതിൽ ഉൾപ്പെടുന്നു. പിന്നീടു വാർഷികപുസ്തകത്തിൽനിന്നോ മറ്റോ ഒന്നുരണ്ടു പ്രസംഗങ്ങൾ നിശ്ചയിക്കപ്പെടുന്ന ആളുകൾ പ്രസംഗരീതിയിൽ വായിക്കുന്നു. സംഘാംഗങ്ങളിൽ ചിലർ അതേപ്പററിയോ, നേരത്തെ ഒരുക്കിയിട്ടുള്ള മറ്റേതെങ്കിലും വിഷയത്തെക്കുറിച്ചോ ചെറിയ അഭിപ്രായപ്രസംഗങ്ങൾ നടത്തുന്നു. കടശി അദ്ധ്യക്ഷ പ്രസംഗശേഷം മുട്ടുകുത്തി ഈശ്വരപ്രാർത്ഥനയോടും, വാർഷിക പുസ്തകത്തിലെ ഉപസംഹാരകീർത്തനത്തോടും കൂടെ അവസാനിപ്പിക്കുന്നു.

ഈ മാസത്തിലെ ആകെയുള്ള പിരിവു 44 രൂ. 22 ചക്രമാണ്. അതിൽ 2 രൂ. 25 ച. ബാങ്കിലിട്ടതുൾപ്പടെ പൊതുഫണ്ടു ഇപ്പോൾ 83 രൂ. 11 ച. 8 കാശുണ്ട്.

* * *

കൊച്ചച്ചനു ഈ ദിവസങ്ങളിൽ പതിവിൽ കവിഞ്ഞ ജോലിക്കൂടുതലായതിനാൽ എഴുത്തുകൾക്കും മറ്റും മറുപടി കിട്ടാതെ വരുന്നതു കുഞ്ഞുമക്കൾ ക്ഷമിക്കണം. പ്രതിദിന ദീപികയുടെ പ്രചാരത്തിൽ നിങ്ങൾ ചെയ്യുന്ന ശ്രമങ്ങളെപ്പററി അനുമോദിച്ചുകൊള്ളുന്നു.

എന്നു നിങ്ങളുടെ
സ്വന്തം കൊച്ചച്ചൻ.

## പുതിയ പ്രസിദ്ധീകരണങ്ങൾ.

### 1. സെൻറ് അഗസ്ററിൻ.

സിറിയക്ക് കണ്ടത്തിൽ കുറവിലങ്ങാട്
വില രണ്ടണ.

തിരുസഭയുടെ പ്രസിദ്ധ വേദപാരഗനായ വി. അഗ്ഗസ്തീനോസിൻെറ ഒരു ചരിത്രസംക്ഷേപമാണ് ഈ ചെറിയ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നത്. വിശുദ്ധൻെറയും, കണ്ടത്തിൽ മാർ അഗ്ഗസ്തീനോസുമെത്രാപ്പോലീത്താതിരുമനസ്സിലേയും മനോഹരമായ പടങ്ങളോടും, ഡോക്ടർ ചൂളപ്പറമ്പിൽ തിരുമനസ്സിലെ ഒരു ചെറിയ ആമുഖത്തോടുംകൂടി എർണാകുളത്തു മാർ ളൂയീസ് പ്രസ്സിൽ ഭംഗിയായി അച്ചടിച്ചിട്ടുള്ള ഈ പുസ്തകം ആദ്ധ്യാത്മിക പാരായണത്തിനു അത്യന്തം ഉപകരിക്കുന്ന ഒന്നാണെന്നുള്ളതിനു സംശയമില്ല.

### 2. സത്യവേദപ്രകാശിക.

കൊൺവേഷ്യൻ ലീഗ്ഗ വരാപ്പുഴ.
വില 1 അണ.

സത്യവേദപ്രകാശിക രണ്ടാം ഭാഗത്തിൻെറ ഒന്നാം പുസ്തകമാണ് ഇപ്പോൾ വെളിക്കായിരിക്കുന്നത്. ഫാദർ നിസ്റ്റിൻെറ ഈ വേദോപദേശിക മുഴുവനായി ഭാഷാന്തരം ചെയ്തുവരുമ്പോൾ മതപഠനവിഷയത്തിൽ കേരളീയ കത്തോലിക്കർക്കു അതു ഗണ്യമായ ഒരു സഹായമായി പരിണമിക്കുകതന്നെ ചെയ്യും. ലീഗ്ഗുകാരുടെ ഈദൃശ ശ്രമങ്ങളെ എത്രതന്നെ അഭിനന്ദിച്ചാലും അധികമാകുന്നതല്ല.

### 3. സത്യവേദചരിത്ര സംക്ഷേപം.

റെവ. ഫാദർ പയസ്സ് അക്കര. എടത്തുരുത്തി
വില 5 അണ.

ഏഴദ്ധ്യായങ്ങളിലായി ലോകസൃഷ്ടിമുതൽ അധുനിക കാലംവരെയുള്ള സഭാചരിത്രത്തിൻെറ ഒരു സംക്ഷേപമാണ് ഗ്രന്ഥകാരൻ ഈ ചെറിയ പുസ്തകത്തിൽകൊള്ളിച്ചിരിക്കുന്നത്. വിസ്തൃതമായ ഗ്രന്ഥങ്ങൾ വായിക്കാൻ സാധിക്കാത്തവർക്കു സത്യസഭയെപ്പററി യഥാർത്ഥമായ ഒരു ഏകദേശജ്ഞാനമെങ്കിലും ഉണ്ടാകുന്നതിനു ഈ പുസ്തകം വളരെ ഉപകരിക്കും. മലങ്കരസഭ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഇതിൽ ചേർത്തിട്ടുള്ളതു പ്രത്യേകിച്ചും രസാവഹമാണ്. നിരന്തരമായ ഇടവക ജോലികൾക്കിടയിൽ സാഹിത്യപരിശ്രമങ്ങൾക്കും സമയം കണ്ടെത്തുന്നതിൽ റെവ. ഫാദർ പയസ്സ് അവർകളെ ഞങ്ങൾ അനുമോദിച്ചുകൊള്ളുന്നു.

# വർത്തമാനക്കുറിപ്പുകൾ.

### കേരളം.

പുത്തൻപള്ളിസെമ്മിനാരി സാഹിത്യസമാജത്തിന്റെ 12-ാമത്തെ വാർഷികസമ്മേളനം ജസ്റ്റീസ് മി. തളിയത്തിന്റെ അദ്ധ്യക്ഷതയിൽ ജനുവരി 2നു- ആഘോഷമായി നടന്നിരിക്കുന്നു.

ഈഴവരുടെ എസ്. എൻ. ഡി. പി. സമാജത്തിലേക്കു ഒരുകൊല്ലത്തിനകം അമ്പതിനായിരം അംഗങ്ങളെ ചേർക്കുന്നതിനു മി. ടി. കെ. മാധവനെ പ്രസ്തുത സമാജക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആളൊന്നുക്കു 8 ണ. വീതം ഈ സഞ്ചാര സെക്രട്ടറിക്കു അലവൻസു അനുവദിച്ചിട്ടുണ്ട്.

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ തിരുമാടമ്പു അടിയന്തിരം മകരം 22-ാംനു- നടക്കുന്നതാണ്. ഒന്നരലക്ഷം രൂപയാണ് ഇതിലേക്കുള്ള ചെലവെന്നു കാണുന്നു.

കൊച്ചിയിലെ അടുത്ത നിയമസഭായോഗം ഫെബ്രുവരി 21-ാംനു- ആരംഭിച്ചു 5 ദിവസത്തേക്കു നടത്തപ്പെടുന്നതാണ്.

പാലായിൽവച്ചു നടത്താനിരിക്കുന്ന അടുത്ത കത്തോലിക്കാ കോൺഗ്രസ്സ്‌സംബന്ധിച്ച നടപടികൾ ഊർജ്ജിതത്തിൽ തുടങ്ങിയിരിക്കുന്നു. മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു കാര്യനിർവ്വഹണകമ്മററി ഏർപ്പെടുത്തി ജോലികൾ നടത്തിവരുന്നു.

വരാപ്പുഴ അതിരൂപത വകയായി എർണാകുളത്തു ഒരു ക്ലബ്ബിന്റെ ഉൽഘാടനകർമ്മം വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ജനുവരി 19ാംനു- സാഘോഷം നിർവ്വഹിച്ചിരിക്കുന്നു.

### ഇൻഡ്യാ

ദലഗാദപ്പസ്തോലിക്കാ, തിരുമനസ്സുകൊണ്ടു ജനുവരി 13-ാംനു- ബോംബയിൽവച്ചു ഡോക്ടർ ഡോമ്നിക്ക് ഡിമോൻറി അവർകൾക്കു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കല്പിച്ചു നൽകിയിട്ടുള്ള നൈററ് ഓഫ് സെൻറു ഗ്രിഗരി എന്ന തിരുസഭാ മാടമ്പിസ്ഥാനത്തിന്റെ സ്ഥാനമുദ്ര കല്പിച്ചു നൽകിയിരിക്കുന്നു.

മദ്രാസ് സർവ്വകലാശാലാ സെനററുമെമ്പറന്മാരായി മംഗലപുരം സെൻറു അലോഷ്യസ് കോളജ്ജു പ്രൊഫസറന്മാരായ സി. ജെ. വർക്കി. എം. ഏ. അവർകളും വി. ജെ. ജോസഫ്, എം. ഏ. അവർകളും തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതായി കാണുന്നതിൽ സന്തോഷിക്കുന്നു.

ചൈനായിൽനിന്നു വിദേശീയരെ ബഹിഷ്കരിക്കുന്ന ബഹളം സംബന്ധിച്ചു വേണ്ട നടപടികൾ നടത്തുന്നതിനായി ഇംഗ്ലണ്ടിൽനിന്നു ഒരു പടക്കപ്പൽ പുറപ്പെട്ടിട്ടുള്ളതുകൂടാതെ ഇൻഡ്യയിൽനിന്നു ഒരു സൈന്യവിഭാഗത്തെയും അങ്ങോട്ടയച്ചിരിക്കുന്നു.

### മെക്സിക്കൊ

മതപീഡനം തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു. ഇരുപതിൽപ്പരം മെത്രാന്മാരെ അറസ്ററു ചെയ്തിട്ടുള്ളതായി കാണുന്നു.

ഐക്യരാജ്യങ്ങളിലെ കത്തോലിക്കർ മെക്സിക്കോയിലെ തങ്ങളുടെ സഹോദരങ്ങളെ സഹായിക്കുന്നതിനായി ഒരു ജാതീയസംഘം ഏർപ്പെടുത്തിയിരിക്കുന്നു.

വലിയ ഒരു ധനശേഖരവും അതോടുകൂടെ വിദഗ്ദ്ധന്മാരുടെ പ്രസംഗങ്ങളും, ലഘുലേഖാപ്രചരണങ്ങളും അവർ അതിലേക്കു നടത്തത്തുടങ്ങിയിട്ടുണ്ട്. ന്യൂയോർക്കിലെ ഒരു കത്തോലിക്കാ ജഡ്ജിയാണ് ഈ സംഘത്തിന്റെ അദ്ധ്യക്ഷൻ.

പരിശുദ്ധസിംഹാസനത്തോടുള്ള ബന്ധം പിരിയുന്നപക്ഷം പൂർണ്ണസ്വാതന്ത്ര്യം കൊടുക്കാമെന്നു കാല്ലസ് പറയുന്നുണ്ട്. നാലായിരത്തിലധികം പട്ടക്കാർ അവിടെയുള്ളതിൽ കഷ്ടിച്ചു രണ്ടുപേർ ഗവർമ്മെൻറിനെ അനുകൂലിപ്പാനുണ്ടായിട്ടില്ല.

അത്ഭുതധീരത പ്രദർശിപ്പിച്ചു വേദത്തെപ്രതി ജീവൻ പരിത്യജിക്കുന്നവരും വിശ്വാസികളുടെയിടയിൽ ഉണ്ടാകുന്നുണ്ട്. 17 വയസ്സുള്ള യോവാക്കിംസിൽവാ എന്ന യുവാവു ഈ കൂട്ടത്തിൽ പ്രഥമഗണനീയനാണ്.

## മനോഗുണവിവരങ്ങൾ.

(ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന്നു ഒരു രൂപാ മുമ്പേർ അടച്ചു അപേക്ഷിക്കണം.)

മാർ യൌസേപ്പു പിതാവിന്റെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന്നു.

വി. വി. കുറവിലങ്ങാട്ട്.

തിരുഹൃദയത്തിന്റെയും വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെയും സഹായത്താൽ അപേക്ഷിച്ച കാര്യം സാധിച്ചതിന്.

വി ഫ. മുണ്ടക്കയം.

കാഞ്ഞിരപ്പള്ളിപഴേപള്ളിമാതാവിന്റെയും കർമ്മലനാഥയുടെയും അനുഗ്രഹത്താൽ എന്റെ കുഞ്ഞുങ്ങളുടെ സുഖക്കേടു നീങ്ങിയതിന്നു.

ടി. എസ്. മുത്തുപിള്ള കാഞ്ഞിരപ്പള്ളി.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ എന്റെ കുട്ടിയുടെ സുഖക്കേടു നീങ്ങിയതിന്.

സി. ഏ. പി. അതിരമ്പുഴ.

സുഖപ്പെടുവാൻ അസാദ്ധ്യമായിരുന്ന ദീനം, കാലംചെയ്ത കുര്യാളശ്ശേരി മാർ തോമ്മാമെത്രാന്റെ സഹായത്താൽ സുഖപ്പെട്ടതിന്നു ഉപകാരസ്മരണ.

സി. മേരി ബ്രജീററ്. അതിരമ്പുഴ.

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന്നു ഉപകാരസ്മരണ.

കെ. പി. പോത്തൻ കൊപ്രാക്കച്ചവടം മുഹമ്മ

പോമ്പെയിലെ പരിശുദ്ധ ജപമാലരാജ്ഞിയുടെയും വി. കൊച്ചുത്രേസ്യായുടെയും മദ്ധ്യസ്ഥതയാൽ അപേക്ഷിച്ച രണ്ടു കാര്യങ്ങളിൽ ഒന്നു സാധിച്ചതിന്.

കെ. ജെ. വറുഗീസ് കമ്പളങ്ങി.

പാറേൽ അമലോത്ഭവ മാതാവിന്റെ മാദ്ധ്യസ്ഥംമൂലം വീവിങ്ങ് അഡ്വാൻസ് പരീക്ഷയിൽ ഒന്നാമതായി പാസ്സായതിന്.

ബി. എ. ഗ്രഗരിബ്രൂസ്

ചങ്ങനാശേരി.

എനിക്കു സിദ്ധിച്ച ഒരു പ്രത്യേക മനോഗുണം കൃതജ്ഞതാസൂചകമായി കുസുമത്തിൽ പ്രസിദ്ധപ്പെടുത്താനപേക്ഷ.

പി. ജെ. ജെ എടമററം.

വി. യൌസേപ്പു പിതാവിന്റെ സഹായത്താൽ സ്കൂൾഫൈനൽ പരീക്ഷ പാസ്സായതിന്. കെ. വി. ജെ. ചങ്ങനാശേരി.

അമലോത്ഭവമാതാവിനോടും, വി. കൊച്ചുത്രേസ്യായോടും അപേക്ഷിച്ചു എന്റെ സുഖക്കേടും പരീക്ഷയും നീങ്ങിയതിന്.

സി. വി.

---

## ആരോഗ്യരക്ഷാവിഷയം.

ആമാശയം നിറഞ്ഞിരിക്കുമ്പോൾ പിന്നെ വല്ലതും ഭക്ഷിപ്പാൻ ഒരിക്കലും ശ്രമിക്കരുത്.

* * *

മെല്ലെ തിന്നുകയും നല്ലപോലെ ചവയ്ക്കുകയും വേണം.

* * *

നന്നായി പല്ലു തേക്കയും, നാവു വടിക്കയും ചെയ്യണം. നടക്കുമ്പോഴും ഇരിക്കുമ്പോഴും, നില്ക്കുമ്പോഴും ദേഹം നേരെ നിർത്തണം.

* * *

കിടക്കുമ്പോൾ വലത്തുഭാഗം തലേണയിൽ വയ്ക്കണം. വലത്തുകൈ പിൻഭാഗത്തേയ്ക്കു ഇട്ടു ഇടംഭാഗം വാരിയെല്ലിനു കീഴെ ഉള്ളംകൈ വച്ചുകിടക്കണം. ഇങ്ങനെ കിടന്നാൽ കൂർക്കംവലിയുണ്ടാകുന്നതല്ല.

"ധന്വന്തരി"

---

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

പാവുക്കര ഇടവക ശ്രീമതി കുഞ്ഞേലിയമ്മ ഡിസംബർ 29-ാംനു. 12 വയസ്സ്.

കാഞ്ഞിരക്കോട്ടു കെ. സി. സി. ഏ. 337-ാം നമ്പർ സംഘാദ്ധ്യക്ഷൻ ശ്രീമാൻ ഏ. മരിയാൻ കിഴക്കേചാരുവിള. ജനുവരി 9-ാംനു- 45 വയസ്സ്.

കാഞ്ഞിരക്കോട്ടു ഇടവക കിഴക്കേടത്തു അന്തോനി എസ് ലോപ്പസ് ജനുവരി 17-ാംനു- 64 വയസ്സ്.

# പഞ്ചാംഗം.

എപ്പകത്തി ൨൭. · ൧൯൨൭ ഞായറാഴ്ച അക്ഷരം ബ

## ൧൯൨൭ ഫെബ്രുവരി. ൧൧൦൨ മകരം — കുംഭം.

| | | | | |
|---|---|---|---|---|
| 1 | 19 | ചൊ | ൻ. വേദ. അന്നാസിയാസ് ന. ആ. ക. പെ. (ഇ. വി.) | ചു. |
| ● 2 | 20 | ബു | ✠ ക. മാ. ശുദ്ധീകരണം ന. കു. പെ. | വെ. |
| | | | കടമല്ലൂർ, പാലാ, എലത്തി, നരിവേലി, അമ്പഴക്കാട്ട്, കല്പാമററം, മുട്ടർ, എടത്വാ, എൽത്തുരുത്തു കാടവന്ത, വല്ലകം, തെക്കെട്ടുശേരി. | |
| 3 | 21 | വ്യാ | മേ. വേദ. ബ്ലാസിയോസു ന. ആ. ക. പെ. | ചു. |
| 4 | 22 | വെ | ❊ അ. മൗ. അന്ത്രയോസു കർസീനി ന. ആ. കു. പെ. | വെ. |
| 5 | 23 | ശ | ക. വേ. അഗതാ ന. ആ. കു. പെ. | ചു. |
| 6 | 24 | ഞാ | ✠ ദനഹാ ൫-ാം ഞാ. ന. കു. ആ. · ൧൨ · ൩ · ൮ | പ. |
| 7 | 25 | തി | ആ. ബാ. റൊമുആൽദുന ആ. കു. പെ. (മൂന്നുനോ.) | വെ. |
| | | | 7, 8, 9 കാവിലങ്ങാട്ടു മൂന്നുനോമ്പ്. | |
| 8 | 26 | ചൊ | ❊ മൗ. യോഹന്നാൻ മാത്താ ന. ആ. കു. പെ. | വെ. |
| 9 | 27 | ബു | ക. വേദ. അപ്പൊലോനിയാ ന. ആ. കു. പെ. | ചു. |
| 10 | 28 | വ്യാ | ❊ ക. എസ്കൊലാസ്തിക്കാ ന. ആ. കു. പെ. | വെ. |
| 11 | 29 | വെ | ❊ ക. മാ. പ്രത്യക്ഷം ന. ആ. കു. പെ. | വെ. |
| 12 | 30 | ശ | ❊ പാ. മൗ. ദ്‌ഗ്ലനോസീസു ന. ആ. കു. പെ. | വെ. |
| 13 | 1 | ഞാ | ✠ സെപ്തുവാജെസിമ ൧-ാം ഞാ. ന. കു. ആ. · ൨൭ · ൦ · ൨ | റോ. |
| 14 | 2 | തി | പട്ട. വേ. വലെന്തീനോ ന. ആ. കു. പെ. | ചു. |
| 15 | 3 | ചൊ | വേ. ഫൗസ്തീനോസും കൂട്ട. ന. ആ. കു. പെ. | ചു. |
| ◐ 16 | 4 | ബു | വേദ. യോഹന്നാൻ ബ്രിതോ ന. ആ. കു. പെ. | ചു. |
| 17 | 5 | വ്യാ | പാ. വേദ മർസേല്ലോസു ജനു. ൧൬ ന. ആ. കു. പെ. | ചു. |
| 18 | 6 | വെ | അ. വേദ. ശെമയോൻ ന. ആ. കു. പെ. | ചു. |
| 19 | 7 | ശ | ❊ ക. മാ. വിവാഹം ജനു. ൨൩ ന. ആ. കു. പെ. | വെ. |
| 20 | 8 | ഞാ | ✠ സെക്സാജെസിമ ൨-ാം ന. കു. ആ. · ൨൭ · ൭ · ൨ | റോ. |
| | | | ☞ അടുത്ത ബുധൻ ഇ. വി. പള്ളിയിൽ അറിക്കണം. | |
| | | | പുത്തൻപള്ളി, നെട്ടുംകുന്നം, വ്യാകുല തിരുനാൾ. | |
| 21 | 9 | തി | ❊ ക. വേദ. മർത്തീനാ ജനു. ൩൦ ന. ആ. കു. പെ. | ചു. |
| 22 | 10 | ചൊ | പത്രോ. ശ്ലീ. അന്ത്യോ. സിംഹാ. ന. ആ. കു. പെ. | വെ. |
| 23 | 11 | ബു | മത്ഥ്യാശ്ലീ. തലെ. ന. ആ. കു. തലേ. (ഇ. വി.) | റോ. |
| 24 | 12 | വ്യാ | (✠) മത്ഥ്യാശ്ലീ. ന. കു. പെ. | ചു. |
| 25 | 13 | വെ | ക. വേ. ദൊറോത്തെയാ ഫെബ്രു. ൬ ന. ആ. കു. പെ. | ചു. |
| 26 | 14 | ശ | ❊ അ. മൗ. തെത്തോസ് ഫെബ്രു. ൬ ന. ആ. കു. പെ. | വെ. |
| | | | കോട്ടയം മെത്രാനച്ചനവർകളുടെ നാമകാരണനെൻറതിരു. | |
| 27 | 15 | ഞാ | ✠ ക്വിൻക്വാജെസിമ ൩-ാം ഞാ. ന. കു. ആ. ൨൦ പുലൎച്ചെ ൨ · ൮ | റോ. |
| | | | ☞ ൧൭-നു- ആദ്യവെള്ളി. ഇന്നു പതിരാ ൫൦ നോ. തുടങ്ങുന്നു. | |
| | | | കാഞ്ഞിരകോട്ടു വി. അന്തോനീസ് തിരുനാൾ. | |
| 28 | 16 | തി | ❊ അ. വേ. പത്രോ. തോമാ ഫെബ്രു. ൧൦ ന. ആ. കു. പെ. | ചു. |

Printed and Published for the Proprietor by P. K. Joseph at
the St. Joseph's Press, Mannanam. 1927.